Vol.XXVII, No.3 March 2011

# യേശു ജീവിക്കുന്നു

Yesu Jeevikkunnu

A Publication of Grace Ministries of India

## മണിപ്പൂരിനു സനാതന സന്തോഷത്തിന്റെ മണിനാദവുമായി ജി.എം.ഐ

- *മിഷൻ ന്യൂസ് ബ്യൂറോ*

മണിപ്പൂരിൽ ജി.എം.ഐയിലൂടെ ദൈവീക വെളിച്ചത്തിന്റെ അതുല്യമായ ശോഭ പരത്തുവാൻ തൗബാൽ ജില്ല കേന്ദ്രീകരിച്ച് നടക്കുന്ന പ്രവർത്തനങ്ങൾ ദൈവകൃപയാൽ മുന്നേറുന്നു. ജി.എം.ഐയുടെ മിഷണറി സഹോ. സാരംഗ്തെം നാവോചാ സിംഗ് ആണ് ഇവിടുത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ത്രിപുര, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിലെ ജി.എം.ഐയുടെ മിഷണറി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സഹോ. സുബ്രതാഗാംഗുലി 2011 ജനുവരി 20 മുതൽ 23 വരെ മണിപ്പൂർ സന്ദർശിച്ച് അവിടുത്തെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഏറെ ശുഷ്ക്കാന്തിയോടെ കർത്താവിന്റെ വേല ചെയ്യുന്ന സഹോ. സാരംഗ്തെം നാവോചാ സിംഗിന്റെ പ്രവർത്തനമേഖലകൾ സന്ദർശിച്ചത് കൂടാതെ പുതിയ മേഖലകളിലേക്ക് മിഷണറിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ നടപടികളും പൂർത്തിയാക്കുവാൻ കർത്താവ് സഹായിച്ചു.



*മണിപ്പൂരിൽ* തൗബാൽ ജില്ലയിലെ സാലുംഗ്ഫാം ഗ്രാമത്തിൽ നടക്കുന്ന ജി.എം.ഐ കൂട്ടായ്മയിലെ യുവജനങ്ങൾ ഒരുമിച്ച് ചേർന്നപ്പോൾ

ഇംഫാലിൽ നിന്ന് 45 കി.മി. അകലെയായി സ്ഥിതി ചെയ്യുന്ന തൗബാൽ ജില്ലയിലെ സാലുംഗ്ഫാം ഗ്രാമം കേന്ദ്രീകരിച്ചാണ് സഹോ. സാരംഗ്തെം നാവോചാ സിംഗിന്റെ പ്രവർത്തനം. ബർമ്മ അതിർത്തിയോടു ചേർന്നു കിടക്കുന്ന, മലനിരകളാൽ ചുറ്റപ്പെട്ട ഇവിടെ വളരെ ചിട്ടയായ പ്രവർത്തനമാണ് നടക്കുന്നത്. ഹൈന്ദവ പാരമ്പര്യത്തിൽ നിന്നും രക്ഷിക്കപ്പെട്ട പ്രിയ സഹോദരൻ ദൈവശാസ്ത്രത്തിൽ ബിരുദാനന്തര

(തുടർച്ച 12-ാം പേജിൽ....)

## ദൈവവചന മാഹാത്മ്യത്തിന്റെ വാതിൽ തുറന്ന് TIMES നേപ്പാളിലേക്ക്

*സ്വന്തം ലേഖകൻ* -

**ജി.**എം.ഐ ആരംഭിച്ചിരിക്കുന്ന ദൈവശാസ്ത്ര പഠന കേന്ദ്രമായ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ ആന്റ് ഇവാഞ്ചലിസം സ്റ്റഡീസ് അഥവാ ടൈംസ് (TIMES)-ന്റെ നേപ്പാളിലെ പ്രവർത്തനങ്ങൾക്കു തുടക്കമായി. നേപ്പാളിലെ നവൽ പരാസി ജില്ല



*നേപ്പാളിലെ തുമാഹിയിലെ ചർച്ച് ഹാളിന് മുന്നിൽ TIMES-ന്റെ ക്ലാസ്സിനായി എത്തിച്ചേരുന്ന സഹോദരങ്ങൾ*

യിൽ പുമാഹി ഗ്രാമത്തിലെ ചർച്ച് ഹാളിൽവച്ച് ഇതിന്റെ ഉത്ഘാടന കർമ്മം നിർവഹിക്കപ്പെട്ടു. 2010 ഡിസംബർ 22,23 തീയതികളിൽ പ്രാരംഭ ക്ലാസുകൾ ഇവിടെ വച്ച് നടത്തപ്പെട്ടു. 50-ലധികം സഹോദരീ സഹോദരന്മാർ ഈ ക്ലാസ്സുകൾക്കായി രജിസ്റ്റർ ചെയ്ത് പങ്കെടുത്തു. ഡോ. ജോൺ അലക്സ് ആണ് പ്രധാനമായും ക്ലാസുകൾക്ക് നേതൃത്വം നൽകിയത്. നവൽപരാസി ജില്ലയിലും, നർസായി ജില്ലയിലും പ്രവർത്തിക്കുന്ന ജി.എം.ഐ മിഷണറിമാരും ഈ ക്ലാസുകളിൽ പങ്കെടുത്തു. തങ്ങളുടെ ആത്മീക ജീവിതത്തിലും ശുശ്രൂഷകളിലും ശക്തി പകരുവാൻ ഉതകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുത്തവരെല്ലാം വളരെ ഉത്സാഹഭരിതരായി കാണപ്പെട്ടു. തുടർന്നുള്ള ക്ലാസുകളിൽ അധികം പേർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പശ്ചിമ ബംഗാളിലെ ഡാർജിലിംഗിനടുത്തുള്ള സിലിഗുരിയിലും TIMES-ന്റെ പ്രാരംഭ ക്ലാസുകൾ നടത്തപ്പെട്ടു. ഡിസംബർ 27, 28 തീയതികളിൽ CNI ഡാർജിലിംഗ് ഡയോസിസ് ആസ്ഥാനത്തുള്ള കോൺഫറൻസ് ഹാളിൽ വച്ചാണ് TIMES ക്ലാസ്സുകൾ ക്രമീകരിച്ചിരുന്നത്. 35 പേർ ഇവിടെയും ക്ലാസുകളിൽ പങ്കെടുത്തു. ഡാർജിലിംഗ് ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ ജി.എം.ഐ

(ശേഷം 7-ാം പേജിൽ....)

## സാമ്പത്തിക സഹായം നൽകുന്ന സഹോദരങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

**കർത്താവിൽ പ്രിയ സഹോദരങ്ങളേ,**

**ദൈവനാമത്തിലുള്ള സുവിശേഷ പ്രവർത്തനങ്ങൾക്കായി നിങ്ങൾ നൽകുന്ന ചെറുതും വലുതുമായ ഓരോ തുകയും ദൈവരാജ്യ വിസ്തൃതിയ്ക്കായി മാത്രം ഉപയോഗിക്കുന്ന പ്രസ്ഥാനമാണ് ഗ്രെയ്സ് മിനിട്രീസ് ഒഫ് ഇന്ത്യ അഥവാ ജി.എം.ഐ. ജി.എം.ഐ ഏറ്റെടുത്തിട്ടുള്ള ബൃഹത്തായ ശുശ്രൂഷകൾക്കായുള്ള സാമ്പത്തിക ആവശ്യങ്ങൾക്ക് പലപ്പോഴും വളരെ ഞെരുക്കം അനുഭവിക്കാറുണ്ട് എങ്കിലും സർവ്വ സമ്പന്നനായ കർത്താവിന്റെ കൃപയാൽ ഈ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു. ജി.എം.ഐയിലൂടെ കർത്താവ് ഭാരതത്തിലും അയൽ രാജ്യങ്ങളിലുമായി ചെയ്യുന്ന ശുശ്രൂഷകൾക്കായി സാമ്പത്തികമായി സഹായിക്കുവാൻ നിങ്ങൾ മുന്നോട്ട് വരുമ്പോൾ, ആ തുകകൾ ശരിയായ കരങ്ങളിൽ തന്നെയാണ് എത്തിയത് എന്ന് ഉറപ്പുവരുത്തിയാലും. ജി.എം.ഐയുടെ ഭാഗമായി ചേർന്നു നിന്ന് പ്രവർത്തിച്ചുകൊണ്ടിരുന്ന ചിലർ ഈ ശുശ്രൂഷകളിൽ നിന്നും പിന്മാറി തങ്ങളുടേതായ പ്രവർത്തനങ്ങൾ ചെയ്തു വരുന്നുണ്ട്. ആയതിനാൽ നിങ്ങളുടെ നല്ല ദാനങ്ങൾ ജി.എം.ഐയിലൂടെ ഭാരതത്തിലും അയൽ രാജ്യങ്ങളിലും ദൈവ കൃപയാൽ മാത്രം നടക്കുന്ന സുവിശേഷ പ്രവർത്തനങ്ങൾക്കായി എത്തിച്ചേരണമെന്ന് ആഗ്രഹിക്കുന്നവർ ജി.എം.ഐയുടെ ഓഫിസുകളിൽ നേരിട്ട് നൽകി രസീത് കൈപ്പറ്റുകയോ, അല്ലെങ്കിൽ ജി.എം.ഐയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സഹോദരങ്ങളെ മാത്രം ആ തുകകൾ ഏൽപ്പിക്കുകയോ ചെയ്യണമെന്ന് അപേക്ഷിക്കുന്നു. എന്നാൽ ഏതു വിധത്തിൽ ഏൽപ്പിച്ചാലും അതിനു ആദ്യം ലഭിക്കുന്ന താൽക്കാലിക രസീതിനു പുറമെ ആയതിന്മേൽ ജി.എം.ഐ ഹെഡ് ഓഫിസിൽ നിന്നും അയക്കുന്ന കമ്പ്യൂട്ടറൈസ്ഡ് രസീത് തപാൽ മാർഗ്ഗം കൈപ്പറ്റി എന്ന് ഉറപ്പ് വരുത്തുക. ഏതു സാഹചര്യത്തിലെങ്കിലും ആ രസീതു ലഭിക്കാതെ വന്നാൽ ജി.എം.ഐ ഹെഡ് ഓഫിസുമായി ദയവായി ബന്ധപ്പെടുക.**

**-ജി.എം.ഐ**

**ഫോൺ: 0471 2311439, ഇ-മെയിൽ : graceministriesofindia@yahoo.com**

# മനുകുല രക്ഷകനായ യേശുനാഥന്റെ സന്നിധിയിൽ അണയുന്ന മദ്ധ്യപ്രദേശിലെ എളിയ ജനത

*- മിഷൻ ന്യൂസ് ബ്യൂറോ*

സ്റ്റേറ്റ് കോ-ഓർഡിനേറ്റർ സഹോദരൻ വിനയദാസിന്റെ കീഴിൽ ശിവാനി ജില്ലയിലും ഏരിയ കോ-ഓർഡിനേറ്റർ സഹോ. മനുലാലിന്റെ നേതൃത്വത്തിൽ ഡിൻഡോരി, മണ്ട്ല ജില്ലകളിലും ജി.എം.ഐ. മിഷണറി പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി നടന്നു വരുന്നു. രക്ഷ, സൗഖ്യം, സമാധാനം, വിടുതൽ തുടങ്ങിയ ദൈവീകാനുഭവങ്ങൾ അനേകരുടെ ജീവിതത്തിൽ അനുഭവവേദ്യമാകുന്നതിന് മദ്ധ്യപ്രദേശിലെ ജി.എം.ഐ മിഷണറിമാരുടെ പ്രവർത്തനങ്ങൾ മുഖാന്തരമായിക്കൊണ്ടിരിക്കുന്നു.

### ''എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു''

ശിവനി ജില്ലയിലെ ചദൽ ഗ്രാമത്തിലെ മാനവതിബായി എന്ന സഹോദരി സമാധാനമില്ലാത്ത അവസ്ഥയിൽ ബന്ദരിയയിൽ സഹോ. രാംകൃഷ്ണ ഗോംഗെയുടെ നേതൃത്വത്തിൽ നടന്നു വരുന്ന കൂട്ടായ്മയിൽ കടന്നുവന്നു. വചനം ശ്രവിച്ച് യേശുവിനായി തന്റെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ചപ്പോൾ പൂർണ്ണ സമാധാനം കൈവരിക്കുകയും കുടുംബത്തിൽ അനുഭവപ്പെട്ടിരുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കുകയും ചെയ്തു. വട്ടാനി ഗ്രാമത്തിലെ രാംദയാൽ എന്ന വ്യക്തി പലവിധത്തിലുള്ള സാത്താന്യ ബന്ധനങ്ങളാൽ ഭാരപ്പെട്ടിരുന്നു. കേൾവിക്കുറവ്, കൈകാലുകൾക്ക് വേദന തുടങ്ങിയ ശാരീരിക വിഷമതകളും തന്നെ അലട്ടിയിരുന്നു. കുടുംബത്തിലും സമാധാനമില്ലാത്ത അവസ്ഥയായിരുന്നു. യേശുവിൽ വിശ്വാസിച്ചു പ്രാർത്ഥിച്ചപ്പോൾ എല്ലാ പ്രയാസങ്ങളിൽ നിന്നും പൂർണ വിടുതൽ ലഭിച്ചു. ഛിന്ദിടോലയിലെ മുന്നാബായി എന്ന സഹോദരിയ്ക്ക് പ്രാർത്ഥനയിലൂടെ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ ലഭിച്ചത് കുടുംബമായി അവർ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവരുവാൻ കാരണമായി. ശിവനി ജില്ലയിലെ ഗോരഖ്പൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. രാംകൃഷ്ണ ഗോംഗെയുടെ ശുശ്രൂഷയിലൂടെ തുലപ് ഗ്രാമത്തിലെ രാജേശ്വരി; ചിന്ദിടോലയിലെ സുനിതാഭായി; മുംഗാപൂറിലെ ഛബ്ബിലാൽ എന്നീ വ്യക്തികൾ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. തന്റെ ശുശ്രൂഷയിലൂടെ സമാധാനം കൈവരിച്ച കുടുംബങ്ങൾ പൂർണ്ണ സമാധാനത്തിൽ കാക്കപ്പെടേണ്ടതിനായും രക്ഷിക്കപ്പെട്ടവരുടെ ആത്മീക വർദ്ധനവിനായും നമുക്ക് പ്രാർത്ഥിക്കാം.

### യുവജനങ്ങളുടെ ഇടയിൽ ശ്രദ്ധേയമായ പ്രവർത്തനം

ശിവനി ജില്ലയിലെ ടിൻസാ കേന്ദ്രമാക്കി പ്രവർത്തനം നടത്തുന്ന ജി.എം.ഐ മിഷണറി സഹോ. ഫക്കീർ ചന്ദ് ധ്രുബേ യുവജനങ്ങളുടെ ഇടയിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തുന്ന വ്യക്തിയാണ്. യുവജനങ്ങൾക്കായി നടത്തിയ പ്രത്യേക കൂട്ടായ്മയിൽ വച്ച് ദൈവ വചനം ശ്രവിക്കുവാനിടയായ മനോജ് കുമാർ മരാവി എന്ന യൗവ്വനക്കാരൻ കർത്താവായ യേശു ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. ലോകത്തിന്റെ മോഹങ്ങളിൽ പെട്ട് ഉഴലുന്ന യുവജനങ്ങളെ നിത്യജീവന് അവകാശികളാക്കുവാൻ സഹോ. ഫക്കീർ ചന്ദ് ധ്രുബേയുടെ പ്രവർത്തനങ്ങൾ ഉതകുമാറാകേണ്ടതിനായി പ്രാർത്ഥിക്കാം.

### അപസ്മാര രോഗം സൗഖ്യമായി

ഡിൻഡോരി ജില്ലയിലെ ബുടൻ ബിച്ഛിയാ ഗ്രാമത്തിലെ രലതുസിംഗ് എന്ന വ്യക്തി ടിക്രി പിപ്രി ഗ്രാമത്തിൽ സഹോ. അരവിന്ദ് കുമാർ നടത്തുന്ന കൂട്ടായ്മയിൽ പ്രാർത്ഥനയ്ക്കായി കടന്നുവന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളായി അലട്ടിക്കൊണ്ടിരുന്ന അപസ്മാര രോഗത്തിൽ നിന്നും പ്രാർത്ഥനയിലൂടെ ആ സഹോദരന് വിടുതൽ ലഭിച്ചത് തന്റെ രക്ഷാനിർണ്ണയത്തിനും ഹേതുവായി. സഹോ. അരവിന്ദ് കുമാറിന്റെ ശുശ്രൂഷകളുടെ അനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

### മാനസികാസ്വാസ്ഥ്യത്തിൽ നിന്നും പ്രാർത്ഥനയിലൂടെ വിടുതൽ

ഛപ്പാറയിലെ ചമേലിബായി എന്ന 38 വയസ്സുള്ള സഹോദരി 2 വർഷമായി മാനസിക രോഗത്താൽ ഭാരപ്പെടുകയായിരുന്നു. 2 കുഞ്ഞുങ്ങളുടെ മാതാവായ ആ സഹോദരിയെ സഹോ. സഹ്പത് സിംഗ് മാർക്കത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൂട്ടായ്മയിലെ ഉപവാസ പ്രാർത്ഥനയിൽ കൊണ്ടുവന്ന് പ്രാർത്ഥിക്കുവാൻ ഇടയായി. പൂർണ്ണ സൗഖ്യം ലഭിച്ചതു മുഖാന്തരം ആ കുടുംബത്തിലെ എല്ലാവരും രക്ഷിക്കപ്പെട്ടു. പണ്ടിതരായി ഗ്രാമത്തിലെ ഗോരഖ്ലാൽ, മഡ്ഗാവിലെ ധൻസിംഗ് എന്നീ വ്യക്തികൾക്ക് പ്രാർത്ഥനയിലൂടെ ലഭിച്ച രോഗസൗഖ്യം അവരുടെ രക്ഷാനിർണ്ണയത്തിനും കാരണമായി. ഇതിൽ ധൻസിംഗ് എന്ന വ്യക്തി കുടുംബമായി യേശുവിൽ വിശ്വസിക്കുന്നതിന് ഇടയായിത്തീർന്നു. സഹോ. സഹ്പത് സിംഗ് മാർക്കത്തിന്റെ ശുശ്രൂഷകൾ ഇനിയും അനേകർക്ക് പ്രയോജന പ്രദമായി തീരേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

### രോഗ സൗഖ്യത്തിന്റെ അത്ഭുത സാക്ഷ്യങ്ങൾ

ഡിൻഡോരി ജില്ലയിലെ ബിജോറയിലെ മയ്യാലാൽ എന്ന വ്യക്തിയ്ക്ക് കണ്ണിൽ നിന്നും തുടർച്ചയായി വെള്ളം വന്നുകൊണ്ടിരുന്നു. സഹോ. ഗ്രേഷ് കുമാർ മാർക്കം ആ വ്യക്തിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുകയും കർത്താവ് പൂർണ സൗഖ്യം നൽകി അനുഗ്രഹിക്കുകയും ചെയ്തു. പ്രേംസിംഗ് എന്ന ഖാംഹി ഗ്രാമനിവാസിയായ വ്യക്തിയുടെ പത്നി 5 വർഷത്തോളമായി ശാരീരിക സൗഖ്യമില്ലാതെ ഭാരപ്പെടുകയായിരുന്നു. ഒന്നു രണ്ടു മണിക്കൂറോളം അബോധാവസ്ഥയിലായിപ്പോകുമായിരുന്ന ഗുരുതര സ്ഥിതിയായിരുന്നു. സഹോ. ഗ്രേഷ്കുമാർ മാർക്കം ആ ഭവനത്തിൽ കടന്നുചെന്ന് ആ സഹോദരിയ്ക്കു വേണ്ടി പ്രാർത്ഥിച്ചു. കുടുംബം മുഴുവനായി കർത്താവായ യേശുവിൽ വിശ്വസിച്ചപ്പോൾ കർത്താവ് അത്ഭുതം പ്രവർത്തിക്കുകയും പൂർണ സൗഖ്യം ലഭിക്കുകയും ചെയ്തു. സഹോ. ഗ്രേഷ് കുമാർ മാർക്കത്തിലൂടെ ദൈവം ചെയ്യുന്ന അത്ഭുത പ്രവർത്തികൾക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം. തുടർന്നും തന്റെ പ്രവർത്തനങ്ങൾ അനുഗ്രഹിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

ഡിൻഡോരി ജില്ലയിലെ ലാൽപൂർ ഗ്രാമത്തിലെ പ്രേംസിംഗ് എന്ന സഹോദരനെ ഉദരസംബന്ധമായ രോഗം അലട്ടിക്കൊണ്ടിരുന്നു. സൗഖ്യദായകനായ യേശുവിനെക്കുറിച്ച് അറിയുന്നതിടയായ താൻ ടുമർടോലയിൽ വച്ച് സഹോ. ജിയലാൽ മരാവിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ കടന്നുവന്ന് യേശുവിൽ വിശ്വസിക്കുന്നു എന്ന് ഏറ്റ് പറഞ്ഞു. സഭയുടെ ശ്രദ്ധയേറിയ പ്രാർത്ഥനയിലൂടെ തനിക്ക് പൂർണ സൗഖ്യം ലഭിച്ചു. ലല്ലിബായി എന്ന സഹോദരിക്ക് പ്രാർത്ഥനയിലൂടെ ലഭിച്ച രോഗസൗഖ്യം തന്റെ രക്ഷാനിർണ്ണയത്തിനും ഹേതുവായി. സഹോ. ജിയലാൽ മരാവിയുടെ ശുശ്രൂഷകൾക്കായി പ്രാർത്ഥിക്കാം.

ബരാടോലയിലെ ലമുവ എന്ന സഹോദരന് ആരോഗ്യ സ്ഥിതി വളരെ മോശമായിത്തീർന്നതിനെ തുടർന്ന് തന്റെ മകൻ നമ്മുടെ മിഷണറി സഹോ. ദീപക്സിംഗിന്റെ അടുക്കൽ വന്ന് പ്രാർത്ഥനയ്ക്കായി അപേക്ഷിച്ചു. കർത്താവ് പ്രാർത്ഥന കേട്ട് ആ സഹോദരന് ആശ്വാസം കൊടുത്തു. ഇപ്പോൾ എഴുന്നേറ്റ് ഇരിക്കുവാൻ സാധിക്കുന്നു. ആ കുടുംബം മുഴുവനായി കർത്താവായ യേശുവിൽ വിശ്വസിക്കുവാൻ ഇതു മുഖാന്തരം ഇടയായിത്തീർന്നു. ഡിൻഡോരി ജില്ലയിലെ ബഹേരാടോല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. ദീപക് സിംഗ് മരാവിയുടെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കാം.

സഹോ. ബോലാറാം ഗുണായ് ഛപ്പാരയിലെ ഗുണായ് ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. വന്ദനാകുമാരി എന്ന സഹോദരി അസ്ഥിവേദനയാൽ ഭാരപ്പെടുന്ന അവസ്ഥയിൽ പ്രിയസഹോദരൻ അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും വേദന ശമിക്കുകയും ചെയ്തു. ബമ്മാബന്ധാ ഗ്രാമത്തിലെ സൂര്യവതിബായി എന്ന സഹോദരിക്ക് പ്രാർത്ഥനയിലൂടെ രോഗസൗഖ്യം ലഭിക്കുകയും അതു മുഖാന്തരം രക്ഷയുടെ അനുഭവത്തിലേക്ക് കടന്നു വരികയും ചെയ്തു. ഗുണായിയിലെ സുഖ്വതി; ബട്പാനിയിലെ സുലോചന; സോട്വരിയിലെ രാമപ്രസാദ് എന്നീ വ്യക്തികൾ സഹോ. ബോലാറാം ഗുണായിയിലൂടെ വചനം ശ്രവിച്ച് കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. ബോർഗഡ് ഗ്രാമത്തിലെ ശാരദാബായി, തരുൺ, ബ്രജ് മോഹൻ എന്നീ വ്യക്തികൾ ജലസ്നാനമേൽക്കുവാനും കർത്താവ് ഇടയാക്കി. സഹോ. ബോലാറാം ഗുണായിയുടെ പ്രവർത്തനങ്ങൾക്ക് ഇനിയും അനേകരെ വിശ്വാസമാർഗ്ഗത്തിലേക്ക് നയിക്കുവാൻ കഴിയുമാറാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

## സഹോ. ഡി.ജെ. അജിത്കുമാർ സന്ദേശം നൽകുന്ന യോഗങ്ങൾ

| | |
|---|---|
| 2011 മാർച്ച് : 3, 4, 5, 6 | തിരുവനന്തപുരം, ചെറുവാരക്കോണം, C.S.I ഐക്യ കൺവൻഷൻ |
| 2011 മാർച്ച് : 18, 19, 20 | ബാംഗ്ലൂർ, ബാബുസപാലയ മാർത്തോമാ സെന്റർ, G.M.I മിഷൻ കൺവൻഷൻ |



ക്രിസ്തീയ ആത്മീയത – 18

# പിതൃത്വത്തിന്റെ ആത്മീയത

ഡി.ജെ. അജിത്കുമാർ

**ദൈ**വത്തെ പിതാവേ എന്നു വിളിക്കാൻ സ്വാതന്ത്ര്യം നൽകുന്ന ആത്മീയതയാണ് ക്രിസ്തീയ ആത്മീയത. യാതൊരു വ്യക്തിത്വവുമില്ലാത്ത നിർഗുണനായ ഒരു ചൈതന്യത്തിൽ നിന്നും അപ്പുറമായി മനുഷ്യന് മനസ്സിലാകത്തക്ക വിധത്തിലുള്ള സത്ഗുണനായ ഒരു പരമാത്മാവിനെ ദൈവമായി ബൈബിൾ നമുക്കു പരിചയപ്പെടുത്തിത്തരുന്നു. എന്നാൽ ബൈബിളിന്റെ പഴയനിയമത്തിൽ ദൈവത്തെ അദൃശ്യനായി, വിദൂരനായി, സർവ്വശക്തനായി, സർവ്വജ്ഞാനിയായി, സർവ്വ വ്യാപിയായുമൊക്കെ പറഞ്ഞെങ്കിലും പിതാവ് ആണെന്നുള്ള ചിന്തയും വെളിപ്പാടും കുറവായിരുന്നു. എന്നാൽ യേശു ലോകത്തിന് വെളിപ്പെടുത്തിക്കൊടുത്ത സുവിശേഷങ്ങളിൽ ഒന്ന് ഇതായിരുന്നു. ദൈവം നമ്മുടെ പിതാവാണ്. മനുഷ്യർക്ക് ദൈവത്തോട് അടുപ്പവും സ്നേഹവും വർദ്ധിക്കാൻ ഈ സുവിശേഷം ഇടയാക്കി. എന്നാൽ പഴയ നിയമത്തിൽ ഈ വെളിപ്പാട് ഇല്ലെന്ന് പറയാൻ കഴിയില്ല. ചില പഴയ നിയമ വചനങ്ങൾ ആദ്യം ശ്രദ്ധിക്കാം.

ആദ്യമായി കാണുന്നത് ആവ- 1: 21–ൽ ആണ്.“ ഒരു മനുഷ്യൻ തന്റെ മകനെ വഹിക്കുന്നതുപോലെ ഞാൻ നിങ്ങളെ വഹിച്ചു” അതുകൊണ്ട് മോശെ പറഞ്ഞു “അവനല്ലോ നിന്റെ പിതാവു” (ആവ. 32 : 6). ദൈവം പിതാവാണെന്നുള്ള സന്ദേശം മോശെയിലൂടെ ആദ്യം മനുഷ്യർ കേട്ടു എന്നു അനുമാനിക്കാം. ശലോമോനെക്കുറിച്ചു ദൈവം നൽകുന്ന വാഗ്ദത്തം അതാണ്. വിശ്വസ്തതയോടെ ദൈവത്തെ സേവിച്ചാൽ, ജനത്തെ നയിച്ചാൽ “ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും” (2ശമു. 7:14, 1 ദിന. 17:13, 22:10, 28:6).

വളരെ ആശ്വാസവും പ്രതീക്ഷയും നൽകുന്ന വാക്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ടു സങ്കീർത്തനത്തിലുള്ളത്. കരുണയുള്ള അപ്പൻ (സങ്കീ. 103:13), അനാഥരുടെ പിതാവ് (സങ്കീ. 68:5), കൃപയുള്ള പിതാവ് (89:26). ഇവിടെ ദൈവത്തിന്റെ പിതാവായുള്ള സ്വഭാവം കുറെകൂടെ വ്യക്തമാവുകയാണ്.

പ്രവാചക പുസ്തകത്തിൽ ദൈവം നിത്യ പിതാവാണെന്ന് പറഞ്ഞു കൊണ്ടാണ് യെശയ്യാവ് ഈ വെളിപ്പാടിനെ ആരംഭിക്കുന്നത്(യെശ. 9:6) “നീ ഞങ്ങളുടെ പിതാവ്, ഞങ്ങൾ കൈപ്പണിയത്രേ, ഞങ്ങൾ കളിമണ്ണ്, നീ ഞങ്ങളെ മനയുന്നവനും ആകുന്നു”(യെശ. 64:8, 63:16). യിരെമ്യാവ് പറയുന്നത്, ദൈവത്തെ പിതാവേ എന്നു വിളിക്കുമെന്നു ദൈവം പ്രതീക്ഷിക്കുന്നുവെന്നാണ് (യിരെ. 3:19, 31:9). മലാഖിയും ദൈവം പിതാവാണ് എന്നു പറയുന്നു. (മലാ. 1:6, 2:10).

പുതിയ നിയമത്തിൽ ദൈവം പിതാവാണെന്ന് സൂചനകൾ ധാരാളം കാണാം. മുൻ സൂചിപ്പിച്ചതുപോലെ ദൈവത്തെക്കുറിച്ച് പിതാവ് എന്ന് ഏറ്റവും കൂടുതൽ പ്രാവശ്യം പറഞ്ഞത് യേശുവാണ്. (മത്താ. 5:16, 45,48, 6:9, 7:21, 23:9).

ഇതു ഏറ്റവും കൂടതൽ കാണുന്നത് യോഹന്നാൻ എഴുതിയ സുവിശേഷത്തിലാണ്. (യോ. 4:21, 5:17, 6:46, 14:28) ദൈവം പിതാവാണെന്നും, യേശുവും പിതാവും ഒന്നാണെന്നും യേശു പറയുന്നു. എന്നാൽ പിതാവ് ‘‘എന്നെക്കാൾ വലിയവൻ’’ ആണെന്നും യേശു പറഞ്ഞു(14:28). അപ്പോസ്തലന്മാരായ പൗലൊസും, പത്രൊസും, യോഹന്നാനും, യാക്കോബുമൊക്കെ ദൈവത്തെ പിതാവായി മനസ്സിലാക്കിയവരാണ്.

> **സ്വർഗ്ഗത്തിൽ ഒരു പിതാവ് നമുക്കായി കരുതുന്നവനായി, നമ്മെ പുലർത്തുന്നവനായി, പരിപാലിക്കുന്നവനായി ജീവിക്കുന്നുവെന്നതായിരുന്നു യേശുവിന്റെ സന്ദേശം. ഈ സന്ദേശം ഒരു അനുഗ്രഹീത സുവിശേഷം തന്നെയാണ്. അനേക വെല്ലുവിളികളിലും, നീറുന്ന പ്രശ്നങ്ങളിലും, ബഹുവിധങ്ങളായ സങ്കീർണ്ണങ്ങളായ വേദനകളിലും ഇരിക്കുന്ന മനുഷ്യരോട് ഇന്ന് കർത്താവ് പറയുന്നത് ഇതു തന്നെയാണ്:**
>
> **നിങ്ങൾക്ക് സ്വർഗ്ഗത്തിൽ ഒരു പിതാവ് ഉണ്ട്.**

പൗലൊസ് (റോ. 4:11,16, 8:5, 2കൊ. 6:8, എഫെ.4:6, എബ്ര. 12:5-11), പത്രൊസ് (1 പത്രൊ. 1:17), യാക്കോബ് (യാക്കോ. 1:17),യോഹന്നാൻ (1 യോഹ. 3:1, 2:1). ദൈവത്തെ പിതാവായി മനസ്സിലാക്കുമ്പോൾ നമ്മെ ചിന്തിപ്പിക്കേണ്ട ചില കാര്യങ്ങൾ കൂടെയുണ്ട്.

### ഭക്തിയും ബഹുമാനവും

ദൈവം അപ്പനായിരിക്കുന്നുവെന്നു പറയുമ്പോൾ ഈ വചനം മറന്നുപോകാൻ പാടില്ല. “ഞാൻ നിങ്ങളുടെ അപ്പൻ എങ്കിൽ എന്നോടുള്ള ബഹുമാനം എവിടെ? എന്നോടുള്ള ഭക്തി എവിടെ? (മലാ. 1:6). മനുഷ്യന്റെ ബഹുമാനത്തിനും, ഭക്തിക്കും, ശക്തിക്കും, ആരാധനക്കും യോഗ്യനാണ് പിതാവായ ദൈവം. “Fervant devotion to God” എന്നാണ് ഭക്തിയുടെ അർത്ഥം. ഇന്ത്യയിൽ AD 1200 – 1757 കാലത്തെ ഭക്തികാലഘട്ടം എന്നറിയപ്പെടുന്നു. ബ്രാഹ്മണ മതത്തിനെതിരെ ക്രിസ്തീയ ആത്മീയതയിൽ നിന്നു ടലെടുത്തതാണിതെങ്കിലും കാലക്രമേണ ക്രിസ്തീയതയിൽ നിന്നും ഇത് അന്യപ്പെട്ടുപോയി. ഒന്നാം നൂറ്റാണ്ടിലെ സഭ ഭക്തിയിൽ പെരുകി വന്നതായി വായിക്കുന്നു (അപ്പൊ. 9:31). ഭക്തി മനുഷ്യനിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്ന ഒരു ആത്മീയ സ്വഭാവമായി മനസ്സിലാകുന്നു (തീ. 2:13, 1:3, എബ്രാ. 12:28). ഭക്തിയുള്ളവൻ നശിച്ചുപോയിക്കൊണ്ടിരിക്കുന്നുവെന്നത് ഒരു ദൈവീക ഭാരമായും വായിക്കുന്നു(സങ്കീ. 12:1, യെശ. 57:1). യഥാർത്ഥ ഭക്തിയാണ് ഉണ്ടാകേണ്ടത് എന്നു കർത്താവും പറയുന്നുണ്ട്(മർ. 7:6, യെശ. 29:13).

### സൽപ്രവൃത്തി – അഗപേ

മത്താ. 5:43–45 “കൂട്ടുകാരനെ സ്നേഹിക്ക എന്നു അരുളിച്ചെയ്തു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു പുത്രന്മാരായി തീരേണ്ടതിന്നു തന്നേ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെ മേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ”.

സ്വർഗ്ഗസ്ഥനായ പിതാവിന് പുത്രീപുത്രന്മാരായിത്തീരണമെങ്കിൽ പിതാവിന്റെ സ്വഭാവം തന്നെയുള്ളവരായി ത്തീരണം. അതിന് പിതാവിന്റെ അഗപേ സ്നേഹം തന്നെ ഉണ്ടായിരിക്കണം. ശത്രുവിനെ സ്നേഹിക്കുകയും, അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ് പിതാവിന്റെ സ്വഭാവം. ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും മഴപെയ്യിക്കുന്ന ദൈവീക സ്വഭാവം. അത് പ്രാപിക്കണം എന്ന് എല്ലാ മനുഷ്യരോടും ആവശ്യപ്പെടുകയാണ്. (മത്താ. 5:48) “ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ’’. പിതാവ് സൽഗുണപൂർണ്ണനാകുന്നതുപോലെ മനുഷ്യരും സൽഗുണ പൂർണ്ണരാവുക എന്നുള്ള ആഹ്വാനവും ഈ വചനം നൽകുന്നു.

### പാപത്തോടുള്ള വേർപാട്

2കൊ. 6:14–17 “നിങ്ങൾ അവിശ്വാസികളോടു ഇണയല്ലാപ്പിണ കൂടരുതു; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിന്നു ഇരുളോടു എന്തോരു കൂട്ടായ്മ? ക്രിസ്തുവിന്നും ബെലീയാലിന്നും തമ്മിൽ എന്തു പൊരുത്തം? അല്ല, വിശ്വാസിക്കു അവിശ്വാസിയുമായി എന്തു ഓഹരി? ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ”.

“ഞാൻ അവരിൽ വസിക്കുകയും അവരുടെ ഇടയിൽ നടക്കയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും”

“അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായതു ഒന്നും തൊടരുതു; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും” എന്നു സർവ്വശക്തനായ കർത്താവു അരുളിച്ചെയ്യുന്നു.

നീതിക്കും, അധർമ്മത്തിനും തമ്മിൽ ബന്ധമില്ലെന്നും, ഇരുട്ടിനും വെളിച്ചത്തിനും തമ്മിൽ ചേർച്ചയില്ലെന്നും പറഞ്ഞുകൊണ്ടാണ്, തന്റെ മക്കൾ പാപത്തിൽ നിന്നും വേർപെട്ട് ജീവിക്കണമെന്നും അതിനായിട്ടാണ് മക്കളും അപ്പനും എന്ന ബന്ധം തന്നിരിക്കുന്നതെന്നും പറയുകയാണിവിടെ. വിശുദ്ധ ജീവിതം നയിക്കാൻ, അതായത് നീതിയും ധർമ്മവുമുള്ള ജീവിതം നയിക്കാനാണ് തന്റെ മക്കളായി തിരഞ്ഞെടുത്തിരിക്കുന്നതെന്നും ഇവിടെ ആവശ്യപ്പെടുന്നു.

### ശിക്ഷണവും കഷ്ടതകളും

എബ്രാ. 12:5–11 “മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുതു; അവൻ ശാസിക്കുമ്പോൾ മുഷികയുമരുതു. കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു” എന്നിങ്ങനെ മക്കളോടു എന്നപോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല കൗലടേ

*(ശേഷം അടുത്ത പേജിൽ)*

# രക്ഷയും വിടുതലും പ്രദാനം ചെയ്യുന്ന ശുശ്രൂഷ ഛത്തീസ്ഗഢിലെ ഗ്രാമങ്ങളിൽ

*- മിഷൻ ന്യൂസ് ബ്യൂറോ*

ഛത്തീസ്ഗഢിലെ ജി.എം.ഐ മിഷണറിമാരുടെ പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി നടന്നുവരുന്നു. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ സഹോ. അശോക് കുംഭാറിന്റെ നേതൃത്വത്തിൽ ഐസക് നന്ദ, ഫ്രാൻക്ലിൻ നന്ദാ, വീരേന്ദ്രകൗർ എന്നീ മിഷണറിമാർ അവിടെ പ്രവർത്തിക്കുന്നു. പ്രിയ സഹോദരന്മാർ ഗ്രാമങ്ങളിൽ കടന്നുപോയി ദൈവത്തിന്റെ മാറ്റമില്ലാത്ത വചനം അറിയിക്കുകയും രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അത്ഭുതങ്ങളിലൂടെ, അടയാളങ്ങളിലൂടെ ദൈവീക ശുശ്രൂഷ വെളിപ്പെടുമ്പോൾ രക്ഷയും വിടുതലും കരഗതമാകുന്ന എളിയ ജനത സ്വയം മറന്ന് ദൈവത്തെ സ്തുതിക്കുന്നു.

### കരൾ സംബന്ധമായ രോഗത്തിൽ നിന്നും പ്രാർത്ഥനയിലൂടെ വിടുതൽ

റായ്പൂർ ജില്ലയിലെ ബട്ടിയാ ഗോൺ എന്ന സ്ഥലത്തെ റാണാ സാഹു എന്ന സഹോദരന് കരൾ സംബന്ധമായ രോഗത്തിൽ നിന്നും പ്രാർത്ഥനയിലൂടെ സൗഖ്യം ലഭിച്ചു. ഈ വ്യക്തിയുടെ കരളിൽ വെള്ളം കയറിയതിനാൽ ഓപ്പറേഷൻ വേണമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. ഇതിനായി ഏകദേശം ഒരു ലക്ഷം രൂപ ആവശ്യമായിരുന്നു. നമ്മുടെ മിഷണറി സഹോ. അശോക് കുംഭാറും കൂട്ടായ്മയിലെ വിശ്വാസികളും ആ സഹോദരനുവേണ്ടി ദൈവത്തോടപേക്ഷിക്കുകയും പ്രാർത്ഥനയുടെ ഫലമായി ദൈവം ആ സഹോദരനെ വിടുവിക്കുകയും ചെയ്തു. പിന്നീട് ടെസ്റ്റ് നടത്തിയപ്പോൾ എല്ലാം നോർമലാണെന്ന റിപ്പോർട്ട് ലഭിച്ചു. അതുപോലെ തന്നെ സിമ്രാൻ എന്ന സഹോദരിക്ക് പ്രാർത്ഥനയിലൂടെ രക്തസ്രാവത്തിൽ നിന്നും വിടുതൽ ലഭിച്ചു. സഹോ. അശോക് കുംഭാറിന്റെ ശുശ്രൂഷകൾ ഇനിയും അനേകർക്ക് പ്രയോജന പ്രദമായിത്തീരേണ്ടതിനായി പ്രാർത്ഥിക്കാം.

### പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ

റായ്പൂർ ജില്ലയിലെ തിൽഡാ ഗ്രാമത്തിലെ ബിനീത് എന്ന വ്യക്തിയെ പൈശാചിക ബന്ധനത്താൽ ഭാരപ്പെടുന്ന അവസ്ഥയിൽ സഹോ. ഐസക് നന്ദയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ കൊണ്ടുവന്നു. പ്രാർത്ഥനയുടെ ഫലമായി ബന്ധനത്തിൽ നിന്നും പൂർണ്ണ വിടുതൽ പ്രാപിച്ച് പ്രിയ സഹോദരൻ ഇപ്പോൾ സ്ഥിരമായി കൂട്ടായ്മകളിൽ സംബന്ധിക്കുന്നു. സഹോ. ഐസക് നന്ദയുടെ ശുശ്രൂഷയിലൂടെ ഹാത്ബന്താ ഗ്രാമത്തിലെ ക്ലേതൻ, തിൽഡാ ഗ്രാമത്തിലെ സന്ദീപ് ഭൗമിക്, കുഞ്ചൻ ഭൗമിക്, ശോഭ, രത്തൻലാൽ എന്നീ വ്യക്തികൾ രക്ഷിക്കപ്പെടുവാനിടയായി. സഹോ. ഐസക്നന്ദയുടെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി തുടർന്നും പ്രാർത്ഥിക്കാം.

### സാമൂഹ്യ പ്രതിബദ്ധതയിലൂന്നിയ മിഷണറി പ്രവർത്തനം

മഹാസമുന്ദ് ജില്ലയിലെ പ്യാരി ദാദർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. വീരേന്ദ്ര കൗറിന്റെ നേതൃത്വത്തിൽ സാമൂഹിക പ്രവർത്തനങ്ങൾക്കായി 30 പേർ അടങ്ങുന്ന ഒരു സമിതി രൂപികരിച്ചു. സമിതിയിലെ അംഗങ്ങളിൽ നിന്നും ഓരോ മാസവും നൂറു രൂപ വീതം സമാഹരിച്ച്, ലഭിക്കുന്ന തുക സാമൂഹിക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. സഹോ. വീരേന്ദ്ര കൗറിലൂടെ വചനം ശ്രവിച്ച രാജ്പൂർ ഗ്രാമത്തിലെ ക്ഷമാബായി, ശാന്തി; പ്യാരിദാദർ ഗ്രാമത്തിലെ സന്തോഷ് സംഘവി; ജിർഗസെ ഗ്രാമത്തിലെ അഭിമന്യു എന്നീ വ്യക്തികൾ രക്ഷിക്കപ്പെട്ടു. രാജ്പൂർ ഗ്രാമത്തിലെ സഫീറ എന്ന സഹോദരി നട്ടെല്ലിനു വേദനയാൽ ഭാരപ്പെട്ട് നടക്കുവാൻ പോലും കഴിയാത്ത അവസ്ഥയിൽ ആയിരുന്നു. സഹോ. വീരേന്ദ്ര കൗർ ആ സഹോദരിക്കു വേണ്ടി പ്രാർത്ഥിക്കുകയും കർത്താവ് അത്ഭുത സൗഖ്യം നൽകി അനുഗ്രഹിക്കുകയും ചെയ്തു. സഹോ. വീരേന്ദ്ര കൗറിലൂടെ ദൈവം ചെയ്യുന്ന എല്ല നല്ല പ്രവർത്തികൾക്കായും നമുക്ക് ദൈവത്തെ സ്തുതിക്കാം.

പ്രിയ മിഷണറി സഹോദരന്മാരുടെ പ്രവർത്തനങ്ങൾ മുഖാന്തരം അനേകർ രക്ഷയിലേക്ക് കടന്നുവരുന്നതും വിടുതലുകൾ പ്രാപിക്കുന്നതും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നതിനോടൊപ്പം ഛത്തീസ്ഗഢിലെ ജി.എം.ഐ മിഷണറി പ്രവർത്തങ്ങളുടെ മേൽ ദൈവകൃപ ധാരാളമായി പകരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

## ബാംഗ്ലൂർ കൺവെൻഷൻ

2011 മാർച്ച് 18, 19, 20 തീയതികളിൽ ബാംഗ്ലൂർ പട്ടണത്തിൽ ബാബുസപാളയയിലെ മാർത്തോമാ സെന്ററിൽ G.M.I മിഷൻ കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നു.നിങ്ങളുടെ ആത്മീക ജീവിതത്തിൽ അത്ഭുതകരമായ ഒരു മാറ്റം ഈ യോഗങ്ങളിലൂടെ സ്വീകരിക്കുവാനായി ഏവർക്കും ഒരുങ്ങാം.

ഈ യോഗങ്ങൾ ദൈവ നാമത്തിൽ ഒരനുഗ്രഹമായിത്തീരുവാനായി വിശ്വാസ സമൂഹം മുഴുവനും പ്രാർത്ഥിച്ചാലും.

*3-ാം പേജിന്റെ തുടർച്ച...*

യന്മാരത്രേ. നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നുവല്ലോ; ആത്മാക്കളുടെ പിതാവിനു ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ? അവർ ശിക്ഷിച്ചതു കുറെക്കാലവും തങ്ങൾക്കു ബോധിച്ചപ്രകാരവുമത്രേ; അവനോ, നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടത്തിന്നു നമ്മുടെ ഗുണത്തിന്നായി തന്നേ ശിക്ഷിക്കുന്നതു. ഏതു ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല ദുഃഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാന ഫലം ലഭിക്കും.

ആത്മാക്കളുടെ പിതാവായ ദൈവത്തിൽ നിന്നും ശിക്ഷണം ലഭിക്കുന്നത് സമാധാനഫലം ലഭിക്കാനാണെന്നാണ് അപ്പോസ്തലൻ പറയുന്നത്. "അപ്പൻ ശിക്ഷിക്കാത്ത മക്കൾ എവിടെയാണുള്ളത്''? എന്നാണ് ചോദ്യം. കഷ്ടതകൾ നമ്മെ പരുവപ്പെടുത്താനും 'മക്കൾ' എന്ന ആത്മീയാനുഭവത്തിലേക്കുയർത്താനും വേണ്ടിയാണെന്നാണ് വചനം. (റോ. 8:15-17) "നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെ അത്രേ പ്രാപിച്ചതു. നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു. നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്നു കൂട്ടവകാശികളും തന്നേ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന്നു അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ". "പുത്രനായ യേശുവിനോടൊപ്പം തേജസ്ക്കരിക്കപ്പെടേണ്ടതിന്നു അവനോടൊപ്പം കഷ്ടം അനുഭവിച്ചാലത്രേ" എന്നാണ് വ്യവസ്ഥ.

അപ്പനും മക്കളും എന്ന ബന്ധത്തിലേക്കു വരുമ്പോൾ ഉണ്ടാകേണ്ട പ്രത്യേകതകളാണിവിടെ എഴുതിയത്. എന്നാൽ ഇത്തരം ഒരു പിതാവ് മാത്രമല്ല ഈ പിതാവ്. മുമ്പ് സൂചിപ്പിച്ചത് പോലെ മനസ്സലിവുള്ള പിതാവാണീ പിതാവ്(2കൊ. 1:3). കർത്താവ് മുടിയനായ പുത്രന്റെ ഉപമ പറഞ്ഞപ്പോഴും ചിത്രീകരിച്ചത് അപ്രകാരമുള്ള പിതാവിനെ തന്നെയാണ്. ദൂരത്ത് വച്ചു തന്നെ കണ്ട് മനസലിഞ്ഞ് കഴുത്തുകെട്ടിപിടിച്ച് ചുംബനം ചെയ്യുന്ന ഒരു പിതാവ്(ലൂ. 15:20).

### മനസ്സലിവും കരുതലും

(മത്താ. 6:26)"ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെക്കുന്നതുമില്ല; എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു അവയെ പുലർത്തുന്നു; അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ?"

കൽക്കട്ട പട്ടണത്തിൽ ഒരിക്കൽ ഒരു ഇലക്ട്രിക് പോസ്റ്റിൽ രണ്ട് പക്ഷികൾ ഇരുന്ന് പരസ്പരം സംസാരിക്കുകയായിരുന്നുവത്രേ. വളരെ തിരക്കുള്ള പട്ടണം. മനുഷ്യൻ അങ്ങോട്ടും ഇങ്ങോട്ടും അതിവേഗത്തിൽ യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. ഇത് നോക്കിയിരുന്ന ഒരു കുരുവി മറ്റ് കുരുവിയോട് ചോദിച്ചു. "ഈ മനുഷ്യർ ഇത്ര വേഗത്തിൽ ഓടുന്നത് എവിടേക്കാണ്''. മറ്റേ കുരുവി ഇപ്രകാരം മറുപടി പറഞ്ഞുവത്രേ "ഒരു പക്ഷേ, ഇവർക്കു സ്വർഗ്ഗത്തിൽ ഒരു പിതാവ് ഇല്ലായിരിക്കാം". സ്വർഗ്ഗത്തിലെ പിതാവിനെ സകല ജന്തുക്കളും തിരിച്ചറിയുന്നുവെന്നുവേണം കരുതുവാൻ!

യേശു പറയുന്നതിപ്രകാരമാണ്. സ്വർഗ്ഗസ്ഥനായ പിതാവ് ഇവയെ ഒക്കെയും പുലർത്തുന്നു. അങ്ങനെയെങ്കിൽ നിങ്ങളെ എത്ര അധികം.!

സ്വർഗ്ഗത്തിൽ ഒരു പിതാവ് നമുക്കായി കരുതുന്നവനായി, നമ്മെ പുലർത്തുന്നവനായി, പരിപാലിക്കുന്നവനായി ജീവിക്കുന്നുവെന്നതായിരുന്നു യേശുവിന്റെ സന്ദേശം. ഈ സന്ദേശം ഒരു അനുഗ്രഹീത സുവിശേഷം തന്നെയാണ്. അനേക വെല്ലുവിളികളിലും, നീറുന്ന പ്രശ്നങ്ങളിലും,ബഹുവിധങ്ങളായ സങ്കീർണ്ണങ്ങളായ വേദനകളിലും ഇരിക്കുന്ന മനുഷ്യരോട് ഇന്ന് കർത്താവ് പറയുന്നത് ഇതു തന്നെയാണ്:

നിങ്ങൾക്ക് സ്വർഗ്ഗത്തിൽ ഒരു പിതാവ് ഉണ്ട്.

ആമേൻ



# ബൈബിൾ പഠനക്വിസ് 77

ഡോ. റ്റി.സി. കിഷോർ മോഹൻ

സർവ ശക്തനായ ദൈവത്തിന് തന്റെ ജനത്തിനുമേലുള്ള പരമാധികാരത്തെയും അവരോടുള്ള സ്നേഹത്തെയും കരുതലിനെയും കുറിച്ച് യെഹൂദാജനത്തെ ബോധവാന്മാരാക്കുക എന്ന ഉദ്ദേശ്യത്തോടെ പേർഷ്യൻ രാജധാനിയിൽ പ്രവാസിയായി കഴിഞ്ഞിരുന്ന മൊർദ്ദെഖായി രചിച്ചു എന്നു വിശ്വസിച്ചു പോരുന്ന 'എസ്ഥേർ' എന്ന ഗ്രന്ഥത്തെ ആസ്പദമാക്കിയാണ് ഈ ലക്കത്തിലെ ക്വിസ് തയ്യാറാക്കിയിട്ടുള്ളത്. 'സ്റ്റാറാ' എന്ന പേർഷ്യൻ പദത്തിൽ നിന്നാണ് എസ്ഥേർ എന്ന പദം രൂപപ്പെട്ടിട്ടുള്ളത്. എഴുത്തുകാരനെക്കുറിച്ച് ഭിന്നാഭിപ്രായം നിലനില്ക്കുന്നുണ്ടെങ്കിലും, ശൂശൻ രാജധാനിയെക്കുറിച്ചും ദേശീയബോധത്തെക്കുറിച്ചും ഗ്രന്ഥത്തിന്റെ പല ഭാഗത്തും പരാമർശിച്ചു കാണുന്നതുകൊണ്ട്, എഴുത്തുകാരൻ മൊർദ്ദെഖായി ആയിരിക്കാനാണ് കൂടുതൽ സാദ്ധ്യത.

പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ ശൂശനിലെ അഹശ്വേരോശ് ചക്രവർത്തിയുടെ കൊട്ടാരത്തിലാണ് എസ്ഥേർ എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള സംഭവങ്ങൾ അരങ്ങേറിയിട്ടുള്ളത്. ബൈബിളിലെ പുസ്തകക്രമത്തിൽ എസ്ഥേറിന്റെ സ്ഥാനം നെഹെമ്യാവിനു ശേഷമാണെങ്കിലും ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്താൽ നെഹെമ്യാവിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങൾ നടക്കുന്നതിനും മുപ്പതു വർഷം മുമ്പാണെന്ന് വ്യക്തമാകും. ബൈബിളിൽ സ്ത്രീകളുടെ പേരിലുള്ള രണ്ടു പുസ്തകങ്ങളിൽ ഒന്നായ എസ്ഥേറിന്റെ മറ്റൊരു സവിശേഷത ഇതിലൊരിടത്തും ദൈവത്തെക്കുറിച്ച് പ്രത്യക്ഷമായി പരാമർശിച്ചു കാണുന്നില്ല എന്നതാണ്. എന്നാൽ എല്ലായിടത്തും ദൈവസാന്നിധ്യം നിറഞ്ഞു നിൽക്കുന്നുമുണ്ട്.

പ്രവാസികളിൽ ഒരു ഭാഗം മാത്രമേ വാഗ്ദത്ത നാടായ പാലസ്തീനിൽ മടങ്ങിയെത്തിയിരുന്നുള്ളു. പേർഷ്യയിൽ അവശേഷിച്ച ഭൂരിഭാഗം പ്രവാസികളുടെയും ചരിത്രം രേഖപ്പെടുത്തിയിരിക്കുന്ന ഏക പുസ്തകമാണ് എസ്ഥേർ. ദൈവത്തിന്റെ നാമം എടുത്തു പറയാതെ തന്നെ, തന്റെ ജനത്തെ നേർവഴിക്കു നടത്തുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി ദൈവം ചെയ്ത വീര്യപ്രവൃത്തികളെ വളരെ വിശദമായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ദൈവം തന്റെ ലക്ഷ്യപൂർത്തീകരണത്തിനായി അമാനുഷിക ശക്തികളൊന്നും അവകാശപ്പെടാനില്ലാത്ത വെറും സാധാരണ മനുഷ്യരെ ഉപയോഗപ്പെടുത്തിയിരിക്കുന്നു എന്ന പ്രത്യേകതയും ഈ പുസ്തകത്തിനുണ്ട്. പഠനത്തിന്റെ സൗകര്യത്തിനായി ഈ ഗ്രന്ഥത്തെ രണ്ടു ഭാഗങ്ങളായി തിരിക്കാം.

1. യെഹൂദന്മാർക്കു നേരിട്ട ഭീഷണി (അദ്ധ്യായം 1 മുതൽ 4 വരെ)
2. യെഹൂദന്മാർ കൈവരിച്ച അത്ഭുതവിജയം (അദ്ധ്യായം 5 മുതൽ10 വരെ)

യാദൃച്ഛികമെന്നു കരുതാവുന്ന പലസംഭവങ്ങളും തനിമ അല്പം പോലും നഷ്ടപ്പെടാതെ അർഹിക്കുന്ന പ്രധാന്യത്തോടെ വളരെ ചിട്ടയോടു കൂടി ഈ ഗ്രന്ഥത്തിൽ കോർത്തിണക്കിയിരിക്കുന്നു. വസ്ഥി രാജ്ഞി തന്റെ ധാർഷ്ട്യം മൂലം രാജ്ഞി പദവിയിൽ നിന്നും സ്ഥാനഭ്രഷ്ടയാക്കപ്പെടുന്നത്, രാജസന്നിധിയിൽ കൊണ്ടു വരപ്പെട്ട അനവധി കന്യകമാരിൽ നിന്നും എസ്ഥേർ രാജ്ഞിയായി തിരഞ്ഞെടുക്കപ്പെടുന്നത്, ഒരു രാത്രി രാജാവ് ഉറക്കം വരാതെ കിടന്ന സമയത്ത് ദിനവൃത്താന്തം എഴുതിയ പുസ്തകം കൊണ്ടു വരുവാൻ ആവശ്യപ്പെടുന്നത്, മൊർദ്ദെഖായി രാജാവിന്റെ ജീവൻ രക്ഷിച്ച സംഭവം രാജാവ് വായിക്കുവാൻ ഇടയാകുന്നത്, ആ സമയത്തു തന്നെ ഹാമാൻ അവിടെയെത്തുന്നതും എല്ലാം മാനുഷിക ദൃഷ്ടിയിൽ യാദൃച്ഛികമാണെന്ന് തോന്നിയേക്കാം. ദൈവത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലായിരിക്കുന്ന ദൈവ ജനത്തിന്റെ ജീവിതത്തിൽ സംഭവിക്കുന്ന ഒരു കാര്യവും യാദൃച്ഛികമല്ല. ദൈവം അറിയാതെ നാം ഓരോരുത്തരുടെ ജീവിതത്തിലും ഒന്നും സംഭവിക്കുന്നില്ല എന്ന സന്ദേശം കൂടി ഈ ഗ്രന്ഥം നൽകുന്നു.

എസ്ഥേർ, മൊർദ്ദെഖായി, ഹാമാൻ, അഹശ്വേരോശ് എന്നീ നാലു പ്രധാന വ്യക്തികളാണ് ഈ ചെറു ഗ്രന്ഥത്തിലുടനീളം നിറഞ്ഞു നിൽക്കുന്നത്. അമാലേക്യരുടെ രാജാവായ ആഗാഗിന്റെ വംശ പരമ്പരയിൽപ്പെട്ടവനും ധനാഢ്യനുമായ ഹാമാന് അഹശ്വേരോശ് രാജാവ് തന്റെ രാജധാനിയിലെ സകല പ്രഭുക്കന്മാരിലും ഉന്നത സ്ഥാനം നൽകി ആദരിച്ചിരുന്നു. ബെന്യാമീൻ ഗോത്രത്തിൽപ്പെട്ട കീശിന്റെ പിൻതുടർച്ചക്കാരനായ മൊർദ്ദെഖായിയാകട്ടെ, ബാബേൽ രാജാവായ നെബൂക്കദ്നേസർ യെഹൂദയെ ആക്രമിച്ച് അവിടെ നിന്നും അടിമയായി പിടിച്ചു കൊണ്ടു പോന്ന ഒരു യെഹൂദനും. മറ്റെല്ലാവരെയും പോലെ മൊർദ്ദെഖായിയും തന്നെ കുമ്പിട്ടു നമസ്ക്കരിക്കണമെന്ന് ഹാമാൻ വാശിപിടിക്കുന്നു. തന്റെ ഇംഗിതത്തിനു വഴങ്ങാതിരുന്ന മൊർദ്ദെഖായിയെയും വിവിധ സംസ്ഥാനങ്ങളിൽ ചിതറിപ്പാർക്കുന്ന യെഹൂദാജനത്തെ ഒന്നാകെയും നശിപ്പിക്കുന്നതിന് ഹാമാൻ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നു. എന്നാൽ മൊർദ്ദെഖായിയുടെ നിർദ്ദേശ പ്രകാരമുള്ള എസ്ഥേർ രാജ്ഞിയുടെ അവസരോചിതമായ ഇടപെടലുകളും കരുനീക്കങ്ങളും ദുഷ്ടനായ ഹാമാന്റെ പദ്ധതികളെ പൊളിക്കുന്നു. മൊർദ്ദെഖായിക്കു വേണ്ടി താൻ ഒരുക്കിയ കഴുമരത്തിൽ തന്നെ ഹാമാനു പിടഞ്ഞു മരിക്കേണ്ടിവരുന്നു. 'വാളെടുക്കുന്നവൻ വാളാൽ' എന്ന പ്രമാണം എത്രത്തോളം യാഥാർത്ഥ്യമാണെന്ന് ഈ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. ഹാമാന്റെയും കൂട്ടരുടെയും അന്ത്യത്തോടെ യെഹൂദാ ജനത്തിന് വിടുതൽ ലഭിക്കുന്നു. തികച്ചും നാടകീയമായ സംഭവ വികാസങ്ങളാണ് ഈ പുസ്തകത്തിലുടനീളം അരങ്ങേറിയിരിക്കുന്നത്. ദൈവത്തിന് തന്റെ ജനത്തോടുള്ള സ്നേഹവും കരുതലും എത്രത്തോളം ഉണ്ടെന്ന് തെളിയിക്കുന്നതാണ് ഇതിലെ ഓരോ സംഭവവും. വായിക്കുന്തോറും നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്തുന്നതാണ് ഇതിലെ ഓരോ വാക്യവും.

എസ്ഥേർ എന്ന ഗ്രന്ഥത്തെ ആസ്പദമാക്കിയാണ് ഈ ലക്കത്തിലെ ക്വിസ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ വാക്യവും വളരെ ശ്രദ്ധയോടെ വായിച്ച് താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടുപിടിച്ചെഴുതുക.

## ചോദ്യങ്ങൾ

1. എസ്ഥേർ എന്ന പുസ്തകത്തിൽ ഭാരതത്തെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം ഏത്?
2. അഹശ്വേരോശ് രാജാവ് എത്ര സംസ്ഥാനങ്ങൾക്ക് അധിപനായിരുന്നു?
3, രാജ കല്പന നിരസിച്ചതുമൂലം രാജ്ഞി പദം നഷ്ടപ്പെട്ടവൾ?
4. അഹശ്വേരോശ് രാജാവിന്റെ അന്തഃപുരപാലകനായ ഷണ്ഡനാര്?
5. മൊർദ്ദെഖായിയുടെ പിതാവാര്?
6. മൊർദ്ദെഖായി ഏതു ഗോത്രത്തിലുൾപ്പെട്ടവൻ?
7. എസ്ഥേറിന്റെ മറ്റൊരു പേരെന്ത്?
8. എസ്ഥേറിന്റെ പിതാവിന്റെ പേരെന്ത്?
9. അഹശ്വേരോശ് രാജാവിനെ വധിക്കാൻ ഗൂഢാലോചന നടത്തിയ രണ്ടു ഷണ്ഡന്മാർ ആരെല്ലാം?
10. ഹാമാന്റെ പിതാവാര്?
11. ഹാമാനെ നമസ്ക്കരിക്കാൻ വിസമ്മതിച്ച യെഹൂദ വൃദ്ധൻ?
12. യഹൂദജാതിയെ ഉന്മൂലനം ചെയ്യുന്നതിനു വേണ്ടി കല്പന പുറപ്പെടുവിക്കുവാൻ രാജാവിന് എത്ര ധനമാണ് ഹാമാൻ വാഗ്ദാനം നൽകിയത്?
13. മൊർദ്ദെഖായിക്കും എസ്ഥേറിനും പരസ്പരം സന്ദേശങ്ങൾ കൈമാറാൻ സഹായിച്ച ഷണ്ഡനാര്?
14. യെഹൂദാജനം ഉപവസിച്ചത് ആർക്കുവേണ്ടി?
15. എസ്ഥേർ ഒരുക്കിയ വിരുന്നിന് രാജാവിനൊപ്പം ക്ഷണിക്കപ്പെട്ട വിശിഷ്ട വ്യക്തി?
16. ഹാമാന്റെ ഭാര്യയുടെ പേര്?
17. "അവൻ യെഹൂദ്യ വംശക്കാരനാകുന്നു എങ്കിൽ നീ അവനെ ജയിക്കയില്ല" ഇത് പറഞ്ഞതാര്?
18. താൻ ഒരുക്കിയ കഴുമരം തനിക്കു തന്നെ വിനയായതാർക്ക്?
19. ഹാമാൻ മൊർദ്ദെഖായിക്കു വേണ്ടി ഒരുക്കിയ കഴുമരത്തിന്റെ പൊക്കം എത്ര?
20. അഹശ്വേരോശ് രാജാവ് ഹാമാന്റെ വീട് നൽകിയതാർക്ക്?

## ഉത്തരങ്ങൾ

1. ഹഖല്യാവ് (നെഹ. 1:1)
2. അർത്ഥഹ്ശഷ്ടാവ് (2 : 1)
3. സൻബല്ലത്തും തോബിയാവും (2 : 10)
4. മഹാപുരോഹിതനായ എല്യാശീബും സഹോദരന്മാരും(3:1)
5. ഹസ്സെനായക്കാർ (3:3)
6. അമ്മോന്യനായ തോബിയാവ് (4:3)
7. സൻബല്ലത്ത് (4:2)
8. ദെലായാവിന്റെ മകൻ ശെമയ്യാവ് (6:15)
9. 52 ദിവസം (6:15)
10. തോബിയാവ് (6:19)
11. ഹനാനിനെയും ഹനന്യാവെയും (7:2)
12. സബ്ദി (11:17)
13. മത്ഥന്യാവ് (11:17)

## ശരിയുത്തരം അയച്ചവർ

1. ആലീസ് ജോർജ്ജ്
ഗ്രെയ്സ് ഭവൻ, കുടപ്പനക്കുന്ന്
തിരുവനന്തപുരം
2. എലിസബത്ത്, അനീഷ്
ജാലഹള്ളി, ബാംഗ്ലൂർ
3. ഗ്രെയ്സ് സുമംഗല,
കോഴിക്കോട്
4. മിനി സാബു, വയനാട്
5. കുഞ്ഞൂഞ്ഞമ്മ വർഗീസ്,
കൊട്ടാരക്കര

# ത്രിപുരയിൽ തകർച്ചകളെ പുനരുദ്ധരിച്ചുകൊണ്ട് സുവിശേഷത്തിന്റെ മുന്നേറ്റം

*– മിഷൻ ന്യൂസ് ബ്യൂറോ*

**ത്രി**പുരയിൽ റീജിയണൽ കോ-ഓർഡിനേറ്റർ സഹോ. സുബ്രതാഗാംഗുലിയുടെ നേതൃത്വത്തിൽ ജി.എം.ഐ. റസിഡന്റ് മിഷണറി പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി മുന്നേറി വരുന്നു. 7 മിഷണറിമാർ ജി.എം.ഐയുടെ കീഴിൽ ത്രിപുരയിൽ പ്രവർത്തിക്കുന്നു. പ്രധാനമായും വെസ്റ്റ് ത്രിപുരയിലെ ഗോത്രവർഗ്ഗക്കാരുടെ മദ്ധ്യത്തിൽ





അനിതാ ദെബർമ്മ, ഗീതാ ദെബർമ്മ എന്നീ വ്യക്തികളാണ് കർത്താവായ യേശുവിനെ ജലത്തിൽ സാക്ഷീകരിച്ചത്. യൗവ്വനക്കാരായ ഈ സഹോദരങ്ങളെല്ലാം ക്രിസ്തുവിന്റെ സാക്ഷികളായി പ്രശോഭിക്കുവാൻ തക്കവണ്ണം ദൈവം സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

ബൊയാചന്ദ്രപാറയിൽ നടന്ന



ത്രിപുരയിലെ ഖുംലുംഗ് ഏരിയായിൽ നടന്ന സ്നാന ശുശ്രൂഷയുടെയും തുടർന്ന് നടന്ന കൂട്ടായ്മയുടെയും വിവിധ ദൃശ്യങ്ങൾ

പ്രവർത്തിക്കുന്ന പ്രിയ സഹോദരന്മാരുടെ പ്രവർത്തനത്തിലൂടെ ധാരാളം പേർ ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് ആകൃഷ്ടരായിത്തീരുവാൻ ഇടയായി. 2010-ലും ത്രിപുരയിലെ ജി.എം.ഐ. മിഷണറി പ്രവർത്തനങ്ങളെ കർത്താവ് സമൃദ്ധിയായി അനുഗ്രഹിച്ചു. സഹോ. അജോയ് ദെബർമ്മയുടെ പ്രവർത്തനമേഖലയായ ചമ്പാഹോറിൽ പുതിയതായി ഒരു ചർച്ച് ഹാൾ പണിയുവാനും സഹോ. സുരജിത് ദെബർമ്മയുടെയും സഹോ. മനൂജ് ദെബർമ്മയുടെയും പ്രവർത്തനമേഖലകളിൽ ഏപ്രിൽ മാസത്തിലെ കൊടുങ്കാറ്റിൽ തകർന്നുപോയ ചർച്ച് ഹാളുകൾ പുനർനിർമ്മിക്കുവാനും കർത്താവ് കൃപ ചെയ്തു.

2010 ഡിസംബർ 25-ാം തീയതി റീജിയണൽ കോ-ഓർഡിനേറ്റർ സഹോ. സുബ്രതാഗാംഗുലിയുടെ കൈക്കീഴിൽ 7 വ്യക്തികൾ ജലസ്നാനം സ്വീകരിച്ചു. ഖുംലുംഗ് ഏരിയയിൽ നിന്നും രക്ഷിക്കപ്പെട്ട സുമിത്രാ ദെബർമ്മ, പ്രമീളാ ദെബർമ്മ, പ്രേഷ് ദെബർമ്മ, ബിശ്വജിത് ദെബർമ്മ, ജിനി ദെബർമ്മ, ക്രിസ്തുമസ് ദിന കൂട്ടായ്മയിലും അക്രൈസ്തവരുൾപ്പെടെ ധാരാളം പേർ സംബന്ധിച്ചിരുന്നു. 2011-ലും ത്രിപുരയിലെ ജി.എം.ഐ റെസിഡന്റ് മിഷണറി പ്രവർത്തനങ്ങൾ ദൈവകൃപയാൽ അനുഗ്രഹക്കപ്പെടേണ്ടതിനായി നമുക്ക് ശക്തമായി പ്രാർത്ഥിക്കാമോ?


TIMES
THEOLOGICAL INSTITUTE FOR MISSION AND EVANGELISM STUDIES

**A unit of Grace Ministries of India**

*Applications are invited from born again dedicated young men for the following residential courses*

| Courses | Duration | Medium | Qualification |
|---|---|---|---|
| BTh | 3 Years | English | +2 or equivalent |
| Dip. C. S | 2 Years | English | +2 or equivalent |

**Our uniqueness**
- Bible centered curriculum
- Well experienced and qualified faculty
- Providing systematic theological training in the area of Mission and Evangelism.

Classes begins by the end of April 2011.
Last date of receiving application is on 20th April 2011.
Limited seats only

Note: Scholarship is available for the deserving candidates
Applications can be downloaded from our website: www.graceindia.in
The Registrar, TIMES, Grace Ministries of India, Nanthencode, Kowadiar P O, TVM- 695 003
Ph: 0471-2311439, +91 9947461745, +91 9747264525
Email:times@graceindia.in, graceministriesofindia@yahoo.com



"നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവന്നു ലഭിക്കും" (യാക്കോബ് 1:5)

## പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക പ്രാർത്ഥനായോഗം

**2011 മാർച്ച് 5 ശനിയാഴ്ച – പകൽ 9 മുതൽ 12 വരെ**
**ക്രിസ്തുകൃപ ആശ്രമം, കാട്ടാക്കട**

## ബ്രദർ. ഡി. ജെ. അജിത്കുമാർ
**നേതൃത്വം നൽകുന്നു**

★ കുട്ടികൾക്കായുള്ള പ്രത്യേക സന്ദേശം.
★ ഓരോ വിദ്യാർത്ഥിക്കും വേണ്ടിയുള്ള വ്യക്തിപരമായ പ്രാർത്ഥന.
★ പരീക്ഷ എഴുതുവാനായി മാനസികമായി ഓരോരുത്തരേയും സജ്ജമാക്കുന്ന പ്രോത്സാഹന സന്ദേശങ്ങൾ.
★ പ്രവേശനം സൗജന്യം.

**ഏവർക്കും സ്വാഗതം**

ക്രിസ്തുകൃപ ആശ്രമം, 0471-2290473

1-ാം പേജിന്റെ തുടർച്ച...

മിഷണറിമാരും ഈ ക്ലാസുകളിൽ സന്നിഹിതരായിരുന്നു. വേദപണ്ഡിതനായ റവ. ഡോ. ജോൺ അലക്സ്, സഹോ. എൽ. ദേവപ്രസാദ്, ജി.എം.ഐ റീജിയണൽ കോ-ഓർഡിനേറ്റർ സഹോ. ജി. ആൽബർട്ട് എന്നിവരടങ്ങിയ ടീമായിരുന്നു TIMES-ന്റെ നേപ്പാളിലെയും പശ്ചിമബംഗാളിലെയും ആദ്യഘട്ട പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. ദൈവവചനത്തിന്റെ ആഴങ്ങളെക്കുറിച്ച് വ്യക്തമായ അവബോധം പകർന്നു നൽകുന്നതോടൊപ്പം, ലോകത്തിന്റെ വിവിധ കോണുകളിൽ





TIMES-ന്റെ നേപ്പാളിലെയും പശ്ചിമബംഗാളിലെയും ക്ലാസ്സുകളിൽ നിന്നുള്ള ദൃശ്യങ്ങൾ





അതാതു സംസ്കാരങ്ങൾ ഉൾക്കൊണ്ട് എങ്ങനെ ഫലപ്രദമായി സുവിശേഷം എത്തിക്കാം എന്നതിനെ കുറിച്ചും സവിശേഷമായ പരിശീലനം നൽകുന്നതാണ് TIMES-ന്റെ ക്ലാസ്സുകൾ. ക്രിസ്തുവിന്റെ വരവിനു വേണ്ടി ലോകജനത ഒരുക്കപ്പെടുവാനായി, ജാതി മത രാജ്യ ഭേദമെന്യേ സകലരും ദൈവത്തിന്റെ വെളിച്ചത്തിലേക്കു നടന്നടുക്കുവാൻ TIMES-ന്റെ പ്രവർത്തനം നിദാനമായിത്തീരട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

TIMES-ന്റെ ക്ലാസ്സുകൾക്ക് നേപ്പാളിൽ നേതൃത്വം നൽകുന്ന റവ. ജോൺ അലക്സും വെസ്റ്റ് ബംഗാളിൽ നേതൃത്വം നൽകുന്ന സഹോ. എൽ. ദേവപ്രസാദും

# ആഴമായ ആത്മീയ ബോദ്ധ്യത്തിലേക്ക് ജനസമൂഹത്തെ നയിച്ചുകൊണ്ട് കേരളത്തിലെ മഹായോഗങ്ങൾ

*സ്വന്തം ലേഖകൻ -*

ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ മഹാ രക്ഷയെ പറ്റി നന്നായ് അറിയുന്ന ക്രൈസ്തവ സമൂഹം, ആ രക്ഷയുടെ സാക്ഷാത്കാരത്തിലേക്കുള്ള യാത്രയിൽ ഇടറിപ്പോകുന്ന സാഹചര്യം ഇന്നു നിലനില്ക്കുന്നു. നിത്യ മോക്ഷയാത്ര വിജയകരമായി നയിക്കുവാനാവശ്യമായ അറിവ് ഉണ്ട് എന്നതു കൊണ്ട് യാത്ര വിജയകരമായി പൂർത്തീകരിക്കപ്പെടണം എന്നില്ല. ദൈവം ഏകിയ അതിശ്രേഷ്ഠമായ മോക്ഷ മാർഗ്ഗത്തിന്റെ സകല വശങ്ങളെ പറ്റിയും വ്യക്തമായ ബോദ്ധ്യം ലഭിച്ചെങ്കിൽ മാത്രമേ മാനവജനത ആ മോക്ഷപ്രാപ്തിയിൽ എത്തിച്ചേരുകയുള്ളു.

ഓടുന്നതും അദ്ധ്വാനിക്കുന്നതും വൃഥാവായി പോകാതെ, ക്ഷണികമായ ലൗകിക ജീവിതയാത്ര വിജയകരമായി പൂർത്തിയാക്കുന്നതിനാവശ്യമായ ആഴമായ ആത്മീക ബോദ്ധ്യത്തിലേക്ക് ജനത്തെ നയിക്കുവാൻ, കേരളത്തിലെ വിവിധ മഹായോഗങ്ങളിലൂടെ സഹോ. ഡി.ജെ. അജിത് കുമാർ നൽകിയ സന്ദേശങ്ങൾ മുഖാന്തരമായി.

ക്രിസ്തേതരരായ വിവിധ ജാതി മതസ്ഥർക്കും ദൈവത്തിന്റെ ഈ പരമമായ രക്ഷാമാർഗ്ഗത്തിലേക്ക് തങ്ങളും ആനയിക്കപ്പെടുവാനുള്ള ദൈവകൃപയുടെ പ്രദർശനമായി മാറി ഈ മഹായോഗങ്ങൾ.

ജാതി മത വ്യത്യാസമില്ലാതെ അനേകർക്ക് ദൈവിക സമാധാനവും, രോഗ സൗഖ്യവും പ്രദാനം ചെയ്തു കൊണ്ട് കർത്താവ് തന്റെ വചനത്തെ ഉറപ്പിച്ച ഈ യോഗങ്ങൾ വരുന്ന നാളുകളിൽ ഒരു വലിയ ആത്മീയ ചൈതന്യത്തിലേക്ക് ക്രൈസ്തവ വിശ്വാസികളെയും ഇതര സമൂഹങ്ങളെയും നയിക്കും എന്നു തീർച്ചയാണ്.

2011 ജനുവരി 6,7,8,9 തീയതികളിൽ നടന്ന മലയിൻകീഴ് ഐക്യ കൺവെൻഷൻ, YMCA പരണീയം ആത്മീയ ശാഖയുടെ നേതൃത്വത്തിൽ ജനുവരി 14,15,16 തീയതികളിൽ നടന്ന മഹായോഗങ്ങൾ, ഫെബ്രുവരി 3,4,5,6 തീയതികളിൽ നടന്ന ഉറിയാക്കോട് ഡിസ്ട്രിക്ട് കൺവെൻഷൻ, ഫെബ്രുവരി 10, 11, 12, 13 ദിവസങ്ങളിലെ അമരവിള ഐക്യ കൺവെൻഷൻ എന്നീ യോഗങ്ങളിലായിരുന്നു ഇതുവരെ സഹോ. ഡി.ജെ. അജിത്കുമാർ സന്ദേശം നൽകിയത്.

ബഹു: സി.എസ്. ഐ. ദക്ഷിണ കേരള മഹായിടവക ബിഷപ്പ് മോസ്റ്റ് റവ: ഡോ. ജെ. ഡബ്ളിയു ഗ്ലാഡ്സ്റ്റൻ തിരുമേനി ഉറിയാക്കോട് ഡിസ്ട്രിക്ട് കൺവെൻഷൻ ഉത്ഘാടനം ചെയ്തുകൊണ്ടും, ബഹു. നെയ്യാറ്റിൻകര അതിരൂപതാ ബിഷപ്പ് റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ തിരുമേനി അമരവിള ഐക്യ കൺവെൻഷൻ ഉത്ഘാടനം ചെയ്തുകൊണ്ടും സംസാരിച്ചിരുന്നു.



*രാജൻ ജെ. ആഷെർ*

# ആരും ഭയപ്പെടുത്തുകയില്ല

മനുഷ്യന്റെ എക്കാലത്തെയും ഏറ്റവും വലിയ പ്രശ്നം ഭയമാണ്. മനുഷ്യന്റെ അടിസ്ഥാന വികാരവും ഭയം തന്നെ. ലോകമെമ്പാടുമുള്ള മനുഷ്യർ - അധികാരികൾ, പണ്ഡിതന്മാർ, ദാർശനികർ, കുലീനർ, ശാസ്ത്രജ്ഞന്മാർ, മതനേതാക്കൾ, മതഭക്തന്മാർ, ഗുരുക്കന്മാർ, സാംസ്കാരിക നായകന്മാർ, പണക്കാർ, കായികാഭ്യാസികൾ, സാധാരണക്കാർ, കൂലിക്കാർ, വിദ്യാഭ്യാസമില്ലാത്തവർ, ഭിക്ഷക്കാർ, രോഗികൾ എന്നിങ്ങനെ എല്ലാ വർഗ്ഗവും അടങ്ങുന്ന മനുഷ്യർ ഭയത്തിനടിമകളാണ്. ഭയം നൈരന്തര്യ സ്വഭാവമുള്ളതാണ്. ഏറ്റവും സുരക്ഷിതർ എന്നു കരുതുന്നവർ ഏറ്റവും കൂടുതൽ പേടിക്കുന്നു. ആഗോള വ്യാപകമായി മനുഷ്യൻ ഭീതിയിലാണെന്നർത്ഥം. ഈ വരികൾ പകർത്തുമ്പോൾ ലോകം മുഴുവൻ ഭീതിയിൽ വിറങ്ങലിച്ചിരിക്കുകയാണ്, വിവിഘ കാരണങ്ങളാൽ.

ഭയപ്പെടുത്തുന്നതിൽ നിന്നു രക്ഷപെടാനും സുരക്ഷിതനായിരിക്കാനുമാണു മനുഷ്യന്റെ അദ്ധ്വാനമെല്ലാം. ''ഒളിക്കുക'' എന്ന ആദ്യ നടപടിയോടെ ആരംഭിച്ച മനുഷ്യപ്രയത്നം, സങ്കീർണ്ണമായ വിവിധതലങ്ങളിലേക്കു വ്യാപിച്ചു മാറ്റമില്ലാതെ തുടരുകയല്ലേ? ഭയം മനുഷ്യനെ സംഘർഷങ്ങളിലും യുദ്ധങ്ങളിലും എത്തിക്കുന്നു. സർവ്വനാശിനികളായ ആയുധകോപ്പുകളുടെയും സന്നാഹങ്ങളുടെയും പിന്നിലെ പ്രചോദനം ഭയവിമുക്തി തന്നെയാണ്.

ഭയത്തെ ആശ്രയിച്ചാണു വൻ വ്യവസായങ്ങൾ നിലനിൽക്കുന്നത്. ആയുധ, ആരോഗ്യ, വസ്ത്ര, ആഹാര, വിദ്യാഭ്യാസ വ്യവസായങ്ങളെല്ലാം ഭയോഛാടനത്തിനുള്ള ഉൽപ്പന്നങ്ങളാണു പടച്ചു വിടുന്നത്. മനുഷ്യന്റെ ഭയം അല്ലേ ഇൻഷുറൻസ് വ്യവസായത്തിന്റെ മൂലധനം?

അനുകൂലമെന്നും പ്രതികൂലമെന്നും തോന്നിയ ശക്തികളെയും പ്രതിഭാസങ്ങളെയും പ്രീണിപ്പിച്ചു നിർത്താനുള്ള ശ്രമമായ ആരാധന തുടങ്ങിയതും മതങ്ങൾ വളർന്നതും ഇതേ ലക്ഷ്യപ്രാപ്തിക്കുവേണ്ടി തന്നെയാണ്. ക്രൈസ്തവ ഛായയുള്ളതും അല്ലാത്തതുമായ പുത്തൻ ഭക്തി പ്രസ്ഥാനങ്ങളും ധ്യാനങ്ങളും ഗുരുക്കന്മാരും വളരാൻ വളമെടുക്കുന്നതു മനുഷ്യന്റെ ഭയത്തിൽ നിന്നാണ്.

## എന്താണ് ഭയം?

ഏതോ കൊടിയ വിപത്തു സംഭവിക്കാൻ പോകുന്നു എന്ന ബോധ്യമുണർത്തുന്ന വേദനയാണു ഭയം. സ്വന്തം നിലനിൽപ്പിനും താൽപ്പര്യ സംരക്ഷണത്തിനും മറ്റു മനുഷ്യരോ ജീവികളോ സാഹചര്യങ്ങളോ തടസ്സമാവുമെന്ന ആശങ്ക ഉളവാക്കുന്ന നൈസർഗ്ഗിക പ്രതികരണമാണു ഭയം. ഭയം ആന്തരിക - ബാഹ്യ അസ്വസ്ഥതകളും പ്രതിചേഷ്ടകളും ഉണ്ടാക്കുന്നു. അബോധമായിപ്പോലും പ്രതികരണമുണ്ടാവുന്നു.

ആശങ്ക, ഭയം, സംഭ്രമം, ഉത്കണ്ഠ, ഭീതി എന്നൊക്ക നമ്മുടെ ഭാഷയിൽ വ്യവഹരിക്കുന്ന ആശയം, ആസന്നമായ ഏതോ ഒരനർത്ഥം തലയ്ക്കു മീതെ ഏതു നിമിഷവും പൊട്ടി വീഴാവുന്ന അവസ്ഥയിൽ തൂങ്ങി നിൽക്കുന്നുവെന്ന അസ്വസ്ഥാജനകമായ, വേദനിപ്പിക്കുന്ന ബോധമാണ്.

Fear എന്ന വാക്കിനു വെബ്സ്റ്റേഴ്സ് നൽകുന്ന അർത്ഥം, the painful emotion caused by a sense of impending danger or evil, apprehension of incurring the wrath of same one (God), solicitude to avoid incurring the wrath of the some one (God), എന്നൊക്കെയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആ വേദനിപ്പിക്കുന്ന വികാരമാണു ദൈവഭയത്തിൽ എത്തിയത്. ക്ഷിപ്രകോ പിയും അനർത്ഥകാരണനുമാണു ദൈവമെന്ന പ്രാചീന ചിന്തയ്ക്കാണദ്ദേഹം അടിവരയിടുന്നത്.

## ഭയത്തിന്റെ ഉപോൽപ്പന്നങ്ങൾ

ഭയം മനുഷ്യനെ വെറുതെ പേടിപ്പിച്ചു വിടുകയല്ല. മനുഷ്യന്റെ പ്രശ്നങ്ങൾ രോഗങ്ങളും, പോരാട്ടങ്ങളും എല്ലാം-ഭയജന്യമാണ്. കർമ്മോന്മുഖനായി സൃഷ്ടി കർമ്മങ്ങളിലേർപ്പെടേണ്ടയാളെ നിഷ്ക്രിയനാക്കിക്കളയുന്നു. ഭയം ഊർ ജ്ജവും ഓജസ്സും ചോർത്തിക്കളയും. ഭയം അധികരിക്കുമ്പോൾ, അത് അടിസ്ഥാനമില്ലാത്തതും അനാനുപാതികമാവുമ്പോൾ, അപകടകരമായ മനോരോഗങ്ങളിൽ എത്തിപ്പെടുകയും ചെയ്യും. ഒന്നും ചെയ്യാനാവാത്ത വിധം അന്തർമുഖിത്തവും വന്നു ചേരും. സ്വയം ഉൾവലിഞ്ഞു, ചിന്താകുലരായി കുടുംബത്തിനും സമൂഹത്തിനും പ്രയോജനമില്ലാത്തവരായിത്തീരുകയും ചെയ്യും.

ആകുലചിന്തകളും വ്യാകുലതകളും കൂട്ടുകാരാകുമ്പോൾ സ്വന്തം നിഴലിനെപ്പോലും പേടിച്ചു പോകും. സംശയരോഗവും വിഷാദരോഗവും ഒക്കെ സഹകാരികളാവും. മാനസിക പിരിമുറുക്കം, ഉറക്കമില്ലായ്മ തുടങ്ങിയ അവസ്ഥകൾ ശരീരത്തെയും ബാധിക്കും. സംഭ്രമവും നടുക്കവും ചിത്തക്ഷോഭവുമെല്ലാം ചേർന്നു ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെ തകർക്കും. പക്ഷാഘാതം, ഹൃദയാഘാതം, രക്തസമ്മർദ്ദം എന്നീ മാരക രോഗങ്ങളും തുടർച്ചയായുണ്ടാവാം.

ആത്മഹത്യക്കു മുഖ്യകാരണമായ depression -ന്റെ തീവ്രഭാവമായ 'ഷിസോഫ്രേനിയ' പോലുള്ള മാരകമായ അവസ്ഥയും ഭ്രാന്തും ഉൾപ്പെടെ അനവധി പ്രശ്നങ്ങൾ ഭയജന്യമാണ്. മയക്കു മരുന്ന്, പുകവലി, മദ്യം എന്നിവയ്ക്കു വേഗത്തിൽ അടിമപ്പെടാനുള്ള സാധ്യതയും വളരെയാണ്. മരുന്നുകളോടും ചികിത്സയോടും ക്രിയാത്മകമായി പ്രതികരിക്കാതെ നിത്യരോഗികളായിത്തീരുന്നവരുമുണ്ട്. മനുഷ്യ കർമ്മങ്ങളുടെയെല്ലാം കേന്ദ്രം മനസ്സാണ്. ഇന്ദ്രിയങ്ങളെയും ഹോർമോൺ ഗ്രന്ഥികളെയും നിയന്ത്രിക്കുന്ന മനസ്സു വിഹ്വലമാവുകയും സന്തുലിതത്വവും വിലയിരുത്താനും വിവേചിക്കാനുമുള്ള കഴിവു മരിച്ചു പോവുകയും ചെയ്താൽ കാര്യങ്ങളെല്ലാം തലകീഴാകാൻ പിന്നെ വൈകില്ല. ഇങ്ങനെ മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ദോഷകരമായി ബാധിക്കുന്ന ഭയം എവിടെ എങ്ങനെ ഉത്ഭവിച്ചു?

## ഭയത്തിന്റെ ഉറവിടം

മനുഷ്യന്റെ ആത്യന്തിക ശത്രു മരണമാണ്. മരണത്തിന്റെ സാർവ്വത്രികത, മരണത്തിനു മുന്നിലെ മനുഷ്യന്റെ നിസ്സഹായത, ഒറ്റപ്പെടൽ, മരണത്തിന്റെ അനിവാര്യത, ആകസ്മിതക, മരണത്തിനപ്പുറത്തെക്കുറിച്ചുള്ള അജ്ഞത, അനിശ്ചിതത്വം എന്നിവയെല്ലാം കൂടെയാണു മരണത്തെ മുഖ്യ ശത്രു ആക്കുന്നത്. എല്ലായിടത്തും വിജയത്തിന്റെ വെന്നിക്കൊടി പാറിച്ച മനുഷ്യൻ മരണത്തിനു മുന്നിൽ നിസ്സഹായനായി കീഴടങ്ങുന്നു. മരണത്തെ തടഞ്ഞു നിർത്താൻ മനുഷ്യനാവില്ല. മരണത്തിനപ്പുറത്തു നിന്നൊരു മടക്കമില്ല. കവിയും ചിന്തകനും നിഷേധിയുമെല്ലാം മരണത്തിനു മുന്നിൽ പകച്ചു പോകുന്നു. മരണ ബന്ധിയായതെന്തും എന്നും മനുഷ്യനെ സംഭീതനാക്കുന്നു. മരണം മനുഷ്യനുള്ള ശിക്ഷയാണ്, ദൈവശിക്ഷ.

പക്ഷെ, എന്തിനീ ശിക്ഷ? ഇത്ര കടുത്ത ശിക്ഷ? നമുക്കു ചോദിക്കാം. ദൈവവചനം അതിനു വ്യക്തതയോടെ വിശദീകരണം നൽകുന്നു. ദൈവം ലോകത്തെ, അതിന്റെ എല്ലാ പൂർണ്ണതയോടും നിറവോടും സൃഷ്ടിച്ചിട്ടു മനുഷ്യനെ ഉണ്ടാക്കി. അവനു ദൈവത്തിന്റെ ഛായയും പ്രകൃതിയും നൽകി. സ്വയം ഭരണാവകാശമുള്ള അധികാരിയായി, ദൈവ സൃഷ്ടിയുടെ മുഴുവൻ അധകാരിയാക്കി, അവിടുത്തെ പ്രതിപുരുഷനായി എല്ലാത്തിനെയും അടക്കി വാഴുവാൻ നിയോഗിച്ചു (ഉല്പ. 1:27, സങ്കി. 8:6). അവനു ദൈവത്തിന്റെ ധാർമ്മികതയും, വിവേചനവും സൃഷ്ടിപരതയും ഉണ്ടായിരുന്നു. ജീവൻ തന്നെയായ ദൈവവുമായി നിരന്തര ബന്ധം ഉണ്ടായിരുന്നു. വേർപിരിയാത്ത ഉറ്റ ബന്ധം.

## പാപം പ്രവേശിക്കുന്നു, മരണവും

ശത്രുവിന്റെ പ്രേരണയാൽ മനുഷ്യൻ ദൈവത്തെ ധിക്കരിച്ചു പാപിയായിത്തീർന്നു. ആദ്യം തോന്നിയ ആവേശം പൊടുന്നനെ കെട്ടടങ്ങി. പാപം അവനെ വിഴുങ്ങിയപ്പോൾ നഷ്ടമായതു വിവേചനപൂർവ്വം ചിന്തിച്ചു സൃഷ്ടിപരമായ തീരുമാനമെടുക്കാനുള്ള സാധ്യത മാത്രമല്ല.ദൈവ ശബ്ദത്തെപ്പോലും ഭയപ്പെടുന്ന തലത്തിലേക്കുള്ള വീഴ്ചയുമായിരുന്നു. മനുഷ്യൻ വീണശേഷമുള്ള ആദ്യ പ്രതികരണം തന്നെ "ഞാൻ ഭയപ്പെട്ടു ഒളിച്ചു'' എന്നാണെന്നോർക്കുക. അന്നു മുതലിന്നോളം മനുഷ്യൻ യാഥാർത്ഥ്യങ്ങൾ നേരിടാനാവാതെ ഓടി ഒളിക്കുന്നു. "അധികാരി"യെ ഇന്ന് ഓന്തും ഓലപ്പാമ്പും പേടിപ്പെടുത്തുന്നു. ഏറ്റവും വിചിത്രം, മനുഷ്യൻ പേടിച്ചു പതുങ്ങുന്നത് ഇരുട്ടിലേക്കാണെന്നതാണ്.

ആദാമിന്റെ ആദ്യജാതനും, "ആരെങ്കിലും എന്നെക്കണ്ടാൽ എന്നെ ക്കൊല്ലും" എന്നു വിലപിച്ചു കൊണ്ട് ഓടുകയാണ്. ആശ്രയവും അഭയവുമായ ദൈവത്തിൽ നിന്നാണ് ഓട്ടം. മനുഷ്യന്റെ പാലായനം സഹസ്രാബ്ദങ്ങളായി തുടരുന്നു. ഇരുട്ടിനെ സ്നേഹിച്ചു ഭയത്തിന്റെ മുന്നിൽ നിസ്സഹായനായി കീഴടങ്ങുന്നു.

മനുഷ്യന്റെ അധികാരം നഷ്ടപ്പെടുത്തുക മാത്രമായിരുന്നില്ല ശത്രുവിന്റെ ലക്ഷ്യം. അവനൊരിക്കലും യാഥാർത്ഥ്യബോധമുള്ളവനായി വെളിച്ചത്തിലേക്കുവന്നു പൂർവ്വാവസ്ഥയിലേക്കു മടങ്ങരുതെന്നു ശത്രുവിനു നിർബ്ബന്ധമുണ്ട്. മനുഷ്യനെന്നും അവന്റെ നിസ്സഹായതയിൽ പരിതപിച്ചു മരണ ഭീതിക്ക് അടിമയായിരിക്കണം എന്നതാണു ശത്രുവിന്റെ പദ്ധതി. അങ്ങനെതന്നെ മനുഷ്യൻ തുടരുന്നു.

ദോഷം സംഭവിക്കാൻ പോകുന്നുവെന്ന മുന്നറിവുണർത്തുന്ന അവബോധമാണു ദുഃഖം; ഭവിക്കാനൊരുങ്ങിയിരിക്കുന്നതു മരണവും. മരണം വേർപാടാണ്. ഐഹികമായ മരണത്തിനപ്പുറം നിത്യമായ മരണം മനുഷ്യനെ കാത്തിരിക്കുന്നു. അതാണു സാക്ഷാൽ മരണം- ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാട്. ഇക്കാര്യങ്ങൾ നിഷേധിക്കുന്നവർക്കും അറിയാം ഇതൊക്കെ സത്യമാണെന്ന്. ദൈവത്തിന്റെ കല്പന ലംഘിച്ച ആദാമിൽ തുടങ്ങി മനുഷ്യരിലെല്ലാം മരണം വാഴുന്നു(റോമ 5:14). മരണത്തിനെതിരെ ഒരു സുരക്ഷിത സ്ഥാനമില്ലെന്ന അറിവാണു മനുഷ്യനെ മരണഭീതിയുള്ളവരാക്കുന്നത്. മനുഷ്യനു ഭയം മാറണമെങ്കിൽ ഭയകാരണമായ മരണം ഇല്ലാതാവണം.

## യേശുക്രിസ്തു ചെയ്തത്

യേശുക്രിസ്തു ലോകത്തിൽ വന്നതു മനുഷ്യനെ മരണത്തിൽ നിന്നു രക്ഷിക്കാനാണ്. മരണത്തിന്റെ അധികാരി പിശാചാണ്. അവന്റെ അധികാരമാണില്ലാതാക്കേണ്ടത്. മനുഷ്യന്റെ പാപമാണു മരണത്തിന്റെ വിഷമുള്ളായി ഭവിക്കുന്നത്. പാപത്തിന്റെ ശക്തി ദൈവത്തിന്റെ ന്യായപ്രമാണമാണ്. പാപം ചെയ്യുന്നവൻ മരിക്കും(യെഹെ. 18:4). മനുഷ്യനു മരണശിക്ഷ വിധിച്ചിരിക്കുന്ന ന്യായ പ്രമാണത്തെ നിവർത്തിക്കാനാണ് യേശു വന്നത്. അവിടുന്നു ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു(കൊലൊ.2:14). അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിക്കുകയും ചെയ്തു.

മരണത്തിന് അധികാരിയായ പിശാചിനെ സ്വന്ത മരണത്താൽ നീക്കി, ജീവപര്യന്തം മരണ ഭീതിയിൽ അടിമകളായിരുന്നവരെ ഒക്കെയും അവിടുന്നു വിടുവിച്ചു(എബ്രാ. 2:15). പൗലോസ് അതു പറയുന്നതിങ്ങനെ: യേശുക്രിസ്തു മരണം നീക്കുകയും സുവിശേഷം കൊണ്ടു ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്തു (2 തിമൊ.1:10). വിജയം മരണത്തെ വിഴുങ്ങിയിരിക്കുന്നു (1 കൊരി.15:54 KJV) മരണകാരണമായ പാപത്തിന് യേശുക്രിസ്തു പരിഹാരം വരുത്തിക്കഴിഞ്ഞു. ആ അർത്ഥത്തിലാണു മരണം വിഴുങ്ങിപ്പോയി എന്നു പറയുന്നത്.

*(ശേഷം അടുത്ത പേജിൽ)*

# ഭാരതം കാത്തിരിക്കുന്നു

## തെരേസ്സ ഓഫ് അവില്ല

34

*സരള ഓസ്റ്റിൻ*

സ്പെയിനിലെ അവില്ലായിൽ അലോൺസോ പിക്കാസയുടെയും ബിയാട്രസ് ഡി അഹുമഡായുടെയും മകളായി 1515–ൽ തെരേസ്സ ജനിച്ചു. സാമ്പത്തികമായി പ്രതിസന്ധിയുള്ള കുടുംബമായിരുന്നുവെങ്കിലും മക്കളെ ഉയർന്ന നിലയിലെത്തിക്കണമെന്ന ആഗ്രഹമായിരുന്നു പിതാവിനുണ്ടായിരുന്നത്. ആഴമേറിയ ക്രൈസ്തവ വിശ്വാസങ്ങൾക്ക് ആ കുടുംബം മുൻതൂക്കം കൊടുത്തിരുന്നു. തെരേസ ബാല്യകാലം മുതൽ തന്നെ ആത്മീക കാര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തിരുന്നു. ബാല്യകാലത്ത് സഹോദരനോടൊപ്പം വിശുദ്ധ സ്ഥലത്തേക്ക് ഓടിപ്പോകുവാനും അവിടെ തുർക്കികളാൽ രക്തസാക്ഷിയാകുവാനും തീരുമാനിക്കുകയും അതിനായി ശ്രമിക്കുകയും ചെയ്തു. കുടുംബക്കാർ ഈ സംരംഭത്തിൽ നിന്നും അവരെ തടഞ്ഞുവെങ്കിലും തെരേസയുടെ ഹൃദയത്തിലെ ദൈവീക സ്നേഹത്തെയും ദൈവീക വേലക്കായുള്ള ആഗ്രഹത്തേയും തടയുവാൻ ആർക്കും കഴിഞ്ഞില്ല. ജീവിതത്തിന്റെ അവസാനം വരെ ആത്മീക കാര്യങ്ങളിൽ തെരേസ്സ ഒരു മുഖ്യ സന്യാസിനിയായി പ്രവർത്തിച്ചു.

തന്റെ പിതാവിന്റെ കീഴിൽ ഭവനത്തിലായിരുന്നു തെരേസ്സ വിദ്യാഭ്യാസം നടത്തിയത്. മറ്റു പെൺകുട്ടികളെപ്പോലെ അവൾക്ക് ലാറ്റിൻ പഠിക്കുവാൻ കഴിഞ്ഞില്ല. വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ വേണ്ടി 16–ാം വയസ്സിൽ അവർ ലേഡി ഓഫ് ഗ്രേസ് എന്ന അഗസ്റ്റിനസ് മഠത്തിൽ ചേർന്നു. അവിടെ കണ്ട കന്യാസ്ത്രീകളുടെ ജീവിത രീതികൾ തെരേസ്സയെ അധികമായി സ്പർശിച്ചു.

വിവാഹ പ്രായമായപ്പോൾ പിതാവ് തനിക്കായി ഒരു വരനെ അന്വേഷിക്കുന്നു എന്നറിഞ്ഞ തെരേസ്സ അതീവ ദുഃഖിതയായി. തെരേസ്സയുടെ ആഗ്രഹം മഠത്തിൽ താമസിക്കുവാനും ഒരു സന്യാസിനിയാകുവാനുമായിരുന്നു. മറ്റൊന്നും ചിന്തിക്കാതെ പിതാവിന്റെ ആഗ്രഹത്തെ എതിർത്തുകൊണ്ട് മഠത്തിൽ തന്നെ തുടരുവാനുള്ള തീരുമാനമെടുത്തുവെങ്കിലും തന്റെ തീരുമാനത്തെക്കുറിച്ച് തെരേസ്സയ്ക്ക് സംശയമുണ്ടായിരുന്നു. ഈ പ്രതിസന്ധി അവളെ ഒരു രോഗിയാക്കി മാറ്റി. രോഗക്കിടക്കയിൽ വച്ച് ഒരു ബന്ധു നാലാം നൂറ്റാണ്ടിലെ ആത്മീയ പിതാവായ ബെത്‌ലഹേമിലെ ജെറോമിന്റെ രചനയുടെ ഒരു കോപ്പി തനിക്ക് സമ്മാനിച്ചു. അതിൽ ജെറോം സന്യാസ ജീവിതത്തെക്കുറിച്ച് വളരെ ഊന്നൽ കൊടുത്ത് എഴുതിയിരുന്നു. ഈ ലേഖനം വായിച്ച് തെരേസ്സക്ക് ജീവിതത്തിൽ ഒരു പുതിയ ഉണർവ്വ് കൈവരികയും ശാരീരിക സ്ഥിതി മെച്ചപ്പെടുകയും ചെയ്തു.

കന്യാസ്ത്രീയാകുവാൻ തീരുമാനിച്ച തെരേസ്സ 1538–ൽ അവില്ലായിലെ കർമ്മേൽ മഠത്തിൽ ചേർന്നു. അവിടുത്തെ നിയമങ്ങൾ അവൾക്ക് കഠിനമായിരുന്നു. മറ്റുള്ളവരുടെ പ്രവൃത്തികൾ അവളിൽ അതിശയം ഉളവാക്കുകയും ധർമ്മ സങ്കടത്തിൽ ആക്കുകയും ചെയ്തു. ഈ അവസ്ഥ കണ്ട് 1539–ൽ തെരേസ്സ വീണ്ടും രോഗിയായിത്തീർന്നു. അതവരുടെ പ്രാർത്ഥനാ ജീവതത്തെ തകർക്കുകയും തന്റെ ആത്മീക അനുഭവം ശരിയോ എന്ന സംശയം തോന്നുകയാൽ രോഗം മൂർഛിച്ച് മരണത്തോളം അടുക്കുകയും ചെയ്തു. ഈ സമയം ഫ്രാൻസിസ്കോ ഒസക്കോറ എന്നയാൾ തെരേസ്സയ്ക്ക് തേർഡ് സ്പിരിചൽ പ്രൈമർ എന്ന സംഘടനയെ പരിചയപ്പെടുത്തി. ഒസക്കോറ ക്രൈസ്തവ മിസ്റ്റിക് എന്ന പാരമ്പര്യത്തിന്റെ വിശ്വാസ രീതികൾ ഇസ്ലാമിലെ സൂഫിമിസ്റ്റിക്കിൽ നിന്നും സ്വീകരിച്ചതാണ്. ഇതിലെ പഠിപ്പിക്കലുകളിൽ പ്രാർത്ഥനക്ക് മുൻഗണന കൊടുക്കുകയും ഒരു യഥാർത്ഥ ആരാധകൻ എല്ലാറ്റിൽ നിന്നും വേർപിരിഞ്ഞ് ദൈവത്തെ മാത്രം കേന്ദ്രീകരിച്ച് ഇരിക്കേണ്ടതിന് ഊന്നൽ നൽകുകയും ചെയ്തു.

തെരേസ്സ വ്യക്തിപരമായ ദൈവീക അനുഗ്രഹങ്ങളെക്കുറിച്ചും പുതിയ കത്തോലിക്കാ ചിന്താഗതികളെക്കുറിച്ചും ഒരു ജെസ്യൂട്ട് ഉപദേശകനിൽ നിന്നും പഠിക്കുകയുണ്ടായി. 1555–ൽ ഒരു രാത്രിയിൽ ക്രിസ്തുവിന്റെ കഷ്ടാനുഭവ ദർശനം ഉണ്ടാകുകയും തുടർന്ന് ഹൃദയം ദുഃഖത്താലും സ്നേഹത്താലും നിറയപ്പെടുകയും ചെയ്തു. ജീവിതം ഒരു പുതിയ പാതയിലേക്ക് മാറ്റപ്പെടുന്നതായി അവൾക്ക് അനുഭവപ്പെട്ടു. ഈ അനുഭവം തെരേസ്സയെ എരിയുന്ന ദൈവീക സ്നേഹത്തിനുവേണ്ടിയും അടക്കാനാവാത്ത ദൈവസാന്നിദ്ധ്യത്തിനുവേണ്ടിയും പ്രേരിപ്പിച്ചു. ഈ ആത്മീക അനുഭവങ്ങൾ വലിയ ഒരു നവീകരണത്തിലേക്ക് നയിച്ചു. 1563–ൽ പോപ്പ് പോൾ 41–ാമത്തെ അനുഗ്രഹത്തോടെ തെരേസ്സ സെന്റ് ജോസഫ് അവില്ല എന്ന പേരിൽ ഒരു നവീകരണ കോൺവന്റ് ആരംഭിച്ചു. അവിടെ അച്ചടക്കമുള്ള ജീവിത രീതികൾക്കും ദൈവീക പഠനങ്ങൾക്കും കുടുതൽ പ്രാധാന്യം കൊടുത്തു. സ്പെയിനിലുള്ള എല്ലാ ആശ്രമങ്ങളിലും അഴിമതിയും ആഡംബര ജീവിത രീതികളും അവസാനിപ്പിക്കുവാൻ തന്നാലാവോളം തെരേസ്സ ശ്രമിക്കുകയുണ്ടായി. ഒരു സന്യാസിനി എന്ന നിലക്ക് തന്റെ പരിശ്രമങ്ങൾ വിജയിക്കുവാൻ തെരേസ്സക്ക് അനേകം പ്രതിസന്ധികൾ തരണം ചെയ്യേണ്ടിവന്നു.

തെരേസ്സയുടെ നവീകരണ ആശ്രമങ്ങളുടെ ഫലമായി ധാരാളം സന്യാസികളെ വാർത്തെടുക്കുവാനും അവരെ സ്പെയിനിലെ ആത്മീക ഉണർവ്വിനായി ഒരുക്കി നിർത്തുവനും സാധിച്ചു. അവരിൽ പലരും പിന്നീട് പ്രശസ്തരാകുകയും ചെയ്തു. 1567–ൽ തെരേസ്സ തന്റെ ആത്മീക മക്കളിൽ ഒരാളായ ജോൺ ഓഫ് ദ്രോസ് എന്ന പ്രശസ്ത മിസ്റ്റിക്ക് കവിയെ കണ്ടുമുട്ടി. അദ്ദേഹം ഒരു കാർമ്മലൈറ്റ് പുരോഹിതനായിരുന്നു. തെരേസ്സയിൽ നിന്നും കേട്ട ഉപദേശങ്ങളും ആത്മീക അനുഭവങ്ങളും തന്റെ ജീവിതത്തിൽ വളരെ ഫലപ്രദവും അത് തന്നെ നവീകരണ പ്രവർത്തനങ്ങളിലേക്ക് നയിച്ചു എന്നും കേട്ട തെരേസ്സ വളരെ സന്തുഷ്ടയായി. 1564–ൽ തന്റെ ആത്മകഥ എഴുതി പ്രസിദ്ധീകരിച്ചു. അത് സന്യാസ സമൂഹത്തിനു വേണ്ടി എഴുതപ്പെട്ട പുസ്തകമായിരുന്നു. അതിലെ പ്രധാന സന്ദേശം ആത്മാക്കളുടെ രക്ഷ എന്നതായിരുന്നു. സഭയെ പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽ നിന്നും പ്രത്യേകിച്ച് ഫ്രാൻസിൽ നിന്നും രക്ഷിക്കുകയാണ് സന്യാസ സമൂഹത്തിന്റെ ദൗത്യം എന്ന് അതിൽ തെരേസ്സ പ്രതിപാദിച്ചിരുന്നു. സഭയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് സഭയെ നവീകരണത്തിലേക്കു നയിക്കുയായിരുന്നു തെരേസ്സയുടെ ആഗ്രഹം. നാം പ്രാർത്ഥിക്കേണ്ടത് സർവ്വമനുഷ്യരുടേയും രക്ഷക്കുവേണ്ടിയാണെന്ന് തെരേസ്സ പഠിപ്പിച്ചു. ദരിദ്രനെ അവർ എടുത്തു കാട്ടുകയും അധിക സമ്പത്തും ലൗകീക പ്രതിഫലങ്ങളും വിനയത്തെ ഇല്ലാതാക്കുന്നതിനാൽ ഒരു യഥാർത്ഥ ക്രിസ്ത്യാനി ഇതിൽ നിന്നെല്ലാം ഒഴിഞ്ഞിരിക്കേണം എന്ന് തെരേസ്സ പഠിപ്പിച്ചു. 1882–ൽ തെരേസ്സ ഈ ലോകത്തോട് യാത്ര പറഞ്ഞു.

ഒരായുസ്സു മുഴുവൻ ക്രിസ്തുധർമ്മ പ്രചരണത്തിനായി ജീവിതം ഉഴിഞ്ഞു വച്ച്, അധിക സമ്പത്തും ലൗകീക പ്രതിഫലങ്ങളും വിനയത്തെ ഇല്ലാതാക്കുന്നതിനാൽ ഒരു യഥാർത്ഥ ക്രിസ്ത്യാനി ഇതിൽ നിന്നെല്ലാം ഒഴിഞ്ഞിരിക്കണമെന്നു പഠിപ്പിച്ച തെരേസ്സയെപ്പോലുള്ള ധീരവനിതകൾക്കായി ഭാരതം കാത്തിരിക്കുന്നു ....... ഇന്നും.

●

---

8–ാം പേജിന്റെ തുടർച്ച...

### ഭയത്തെ ചെറുക്കുന്നത്

ഭയത്തെ ചെറുക്കുന്നതു ഭയകാരണമായ മരണത്തെ ജയിച്ചടക്കിയ ജേതാവിന്റെ വിജയത്തെ വിശ്വസിച്ച് ഏറ്റു പറഞ്ഞു സ്വീകരിച്ചുകൊണ്ടാവണം. ജേതാവിനെ അറിയുന്നവർ ഉറച്ചു നിൽക്കും (ദാനി.11.32). അവർ കുലുങ്ങുകയില്ല. ജീവകാരണനെ അറിയുന്നവർ പറയുന്നു: എന്റെ ഹൃദയം ക്ഷീണിക്കുമ്പോൾ ഞാൻ വിളിച്ചപേക്ഷിക്കും. അവിടുന്ന് എനിക്കു സങ്കേതവും ശത്രുവിനെതിരെ ഉറപ്പുള്ള ഗോപുരവുമാണ് (സങ്കീ. 61:2–3). സ്ഥിരമാനസൻ ദൈവത്തിൽ ആശ്രയം വച്ചിരിക്കുന്നതുകൊണ്ട് അവിടുന്ന് അവരെ പൂർണ്ണ സമാധാനത്തിൽ കാക്കും (യെശ. 26:3).

### ദൈവ ഭയം

ദൈവത്തോടുള്ള ക്രിയാത്മകമായ ഭയഭക്ത്യാദരം (positive feeling of awe or reverance for God), ദൈവത്തിൽ പൂർണ്ണ ശ്രദ്ധ കേന്ദ്രീകരിക്കുന്ന അർപ്പണമാണ്; ക്രൂരവും ഹിംസാത്മകവുമായ ഒരു പ്രതിഭാസത്തോടുള്ള അടിസ്ഥാനരഹിതവും നിഷേധാത്മകവും അനാരോഗ്യകരവുമായ ഭീതിയല്ല ദൈവ ഭയം. ദൈവഭയത്തെ ഭക്തിയെന്നും വിവക്ഷിക്കുന്നുണ്ട്. ദൈവത്തോടുള്ള മനുഷ്യന്റെ ഈ ഭാവം നന്മയും നീതിയുമുള്ള വിശുദ്ധ ജീവിതം നയിക്കാൻ പ്രചോദനമായിഭവിക്കുന്നു. ഭയപ്പെടേണ്ടതു മനുഷ്യനെയല്ല ദൈവത്തെയാണെന്നു കർത്താവും പഠിപ്പിച്ചു (മത്താ. 10:28).

മാർട്ടിൻ ലൂഥറുടെ അഭിപ്രായത്തിൽ, പ്രാകൃത മനുഷ്യനു ദൈവത്തോടു പൂർണ്ണ അർത്ഥത്തിൽ ഭക്ത്യാദരം കാണിക്കാനാവില്ല. അവനു ദൈവത്തെ അറിഞ്ഞുകൂടല്ലോ. ദൈവത്തിന്റെ അധികാരവും പ്രഭാവവും ശക്തിയും സ്നേഹവും അറിഞ്ഞ് അവിടുത്തെ കല്പനകൾ പാലിച്ചു വ്യവസ്ഥകൾക്കൊത്തു ബഹുമാനിക്കുകയും മഹത്വം കൊടുക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ദൈവഭയം.

### നമ്മെ ഭയപ്പെടുത്തുന്നത്

പഴയ നിയമത്തിൽ ദൈവം യിസഹാക്കിന്റെ ഭയം(ഉല്പ. 31:42,53) എന്ന നിലയിലാണു വെളിപ്പെട്ടിരുന്നതെങ്കിൽ യേശു മഹത്വത്തിന്റെ പ്രത്യാശയാണ്. അരക്ഷിതബോധമാണു ഭയത്തിന്റെ പിൻബലമെങ്കിൽ യേശുക്രിസ്തുവിൽ നാം സുരക്ഷിതരാണ് എന്ന ബോധം നമ്മെ ഭയരഹിതരാക്കുന്നു. നമ്മെ ഭയപ്പെടുത്തുന്നതു വ്യാജം ദർശിക്കുന്ന ശാപത്തിന്റെയും ബന്ധനങ്ങളുടെയും പ്രവാചകന്മാരും, ദ്രവ്യാഗ്രഹത്തിന്റെ കൗശലം പറയുന്ന ഉപദേഷ്ടകന്മാരുമാണ്. നമ്മുടെ മനസ്സിലുയരുന്ന സംശയ വിചാരങ്ങളും സങ്കല്പങ്ങളുമാണ് (2 കൊരി. 10:5). യേശുക്രിസ്തവിനെ നാം അറിയുന്നതിനു- അനുഭവിക്കുന്നതിന് എന്നതു കുടുതൽ കൃത്യം-വിരോധമായി പൊങ്ങുന്ന ഉയർച്ചകളെയും വിചാരങ്ങളെയും യേശുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കുകയും (2 കൊരി.10:5) ഭയം വിളമ്പുന്ന പ്രവാചകന്മാരെ തുരത്തുകയും ചെയ്യണം.

### ആരും ഭയപ്പെടുത്തുകയില്ല

അങ്ങനെ ജീവിക്കുന്നവരുടെ ഏറ്റവും വലിയ ആശ്വാസം അവരെ ആരും ഭയപ്പെടുത്തുകയില്ല എന്നതാണ്. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നോക്കു: നിങ്ങൾ തൃപ്തരായി ദേശത്തു ഭയം കൂടാതെ വസിക്കും,നിങ്ങൾ കിടക്കും, ആരും നിങ്ങളെ ഭയപ്പെടുത്തുകയില്ല (ലേവ്യ.26:6). അവർ മേഞ്ഞു കിടക്കും; ആരും അവരെ ഭയപ്പെടുത്തുകയില്ല (സെഫ. 3:13). ഭക്തന്മാർ ഏറ്റു പറയുന്നു:ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; അവിടുന്നാണെന്നെ നിർഭയം വസിക്കുമാറാക്കുന്നത് (സങ്കീ. 4:8). മരണ നിഴലിൻ താഴ്‌വരയിൽ കൂടെ നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല. അവിടുന്ന് എന്നോടുകൂടെ ഉണ്ട് (സങ്കീ.23:4). ഭൂമി മാറിയാലും പർവ്വതം കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല (സങ്കീ.46:3).

ഭക്തന്മാരുടെ അനുഭവം ഉറപ്പുള്ള പ്രത്യാശയാണ്. ദാവിദ് പറയുന്നത് ഒരു സമവാക്യമാണ്, അനുഭവത്തിൽ നിന്നുരുത്തിരിഞ്ഞ ആ സമവാക്യം: "ഞാൻ ഭയപ്പെടുന്ന നാളിൽ അങ്ങയിൽ ആശ്രയിക്കും... ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു, ഞാൻ ഭയപ്പെടുകയില്ല". പിന്നെയൊരു വെല്ലുവിളിയാണ്: "മനുഷ്യർക്ക് എന്നോട് എന്തു ചെയ്യാൻ കഴിയും"(സങ്കീ. 56:3,4)? ആശ്രയിക്കുന്നുവെന്നു പറയുമ്പോൾ, പറ്റിച്ചേർന്നിരിക്കുക, ഉറച്ചിരിക്കുക, വിശ്വാസിക്കുക, സുരക്ഷിതബോധത്തോടിരിക്കുക എന്നൊക്കെയാണർത്ഥം. ശദ്രക്, മേശക്,അബേദ്നഗോ എന്നിവരുടെ അചഞ്ചല മായ സുരക്ഷിതബോധം നല്ല ദൃഷ്ടാന്തമാണ്. വിശദീകരണം വേണ്ടല്ലോ.

യേശു ആകുന്ന പ്രത്യാശ നാം മുറുകെ പിടിക്കണം. കാരണം ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ നങ്കൂരമാണ്. അതു നിശ്ചയവും സ്ഥിരവുമാണ്. അതു മരണത്തിനപ്പുറം കടക്കുന്നതാണ് (എബ്രാ. 6:19). നമുക്കു ധൈര്യത്തോടെ, ഭയം കൂടാതെ ദൈവത്തിന്റെ കൃപാസനത്തിലേക്ക് അടുത്തു ചെല്ലാം (എബ്രാ. 4:16). ഈ കൃപയിലേക്ക് യേശു മുഖാന്തിരം നമുക്കു പ്രവേശനം ലഭിച്ചിരിക്കുന്നു (റോമ. 5:2).

●

# ക്രൈസ്തവസഭയുടെ ചരിത്രം

- *എൻ. ജസ്റ്റിൻരാജ്*

## ഇരുണ്ട ഭൂഖണ്ഡത്തിൽ സുവിശേഷ ദീപവുമായി ഡേവിഡ് ലിവിംഗ്സ്റ്റൺ

**ആ**ത്മീയ സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ വെളിച്ചത്തിന്റെ അംശം പോലും കടന്നു ചെല്ലാതിരുന്ന, നരഭോജികൾ പാർത്തിരുന്ന, ഇരുണ്ട ഭൂഖണ്ഡമെന്നറിയപ്പെട്ടിരുന്ന ആഫ്രിക്കയിലേക്ക് ആത്മഭാരത്തോടെ യേശുക്രിസ്തുവിന്റെ രക്ഷയുടെ സുവിശേഷവുമായി 1840-ൽ ഡേവിഡ് ലിവിംഗ്സ്റ്റൺ യാത്രതിരിച്ചു. അവിടെ ആത്മീയ അന്ധകാരത്തിൽ കഴിയുന്ന ആത്മാക്കളുടെ ആമൂല്യമായ വില മനസ്സിലാക്കിയ ആ 27 വയസ്സുള്ള ചെറുപ്പക്കാരനെ ആഫ്രിക്കയിലെ ഇരുണ്ട കാടുകളിലെ ക്രൂരമൃഗങ്ങൾക്കോ, മനുഷ്യസ്നേഹം രുചിച്ചറിയാത്ത നരഭോജികൾക്കോ തന്റെ തീരുമാനത്തിൽ നിന്നും വ്യതിചലിപ്പിക്കുവാൻ കഴിഞ്ഞില്ല. അവന്റെ ഹൃദയം ആഫ്രിയ്ക്കക്കുവേണ്ടി തുടിച്ചുകൊണ്ടിരുന്നു.

നീൽ ലിവിംഗ്സ്റ്റന്റെയും ആഗ്നസിന്റെയും പുത്രനായി 1813 മാർച്ച് 19-ാം തീയതി ഇംഗ്ലണ്ടിൽ ഡേവിഡ് ലിവിംഗ്സ്റ്റൺ ജനിച്ചു. തന്റെ 19-ാം വയസ്സിൽ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു. വൈദ്യശാസ്ത്രത്തിലും ഇതര വിഷയങ്ങളിലും ഗ്ലാസ്ഗോ സർവ്വകലാശാലയിൽ നിന്നും ഡിഗ്രി സമ്പാദിച്ചനന്തരം ലണ്ടൻ മിഷണറി സൊസൈറ്റിയുടെ കീഴിൽ ക്രൈസ്തവ മിഷണറി പ്രവർത്തന പരിശീലനത്തിലേർപ്പെട്ടു. ആഫ്രിക്കയെക്കുറിച്ചുള്ള ആത്മഭാരത്താൽ നിറയപ്പെട്ടിരുന്നതിനാൽ പരിശീലനം കഴിഞ്ഞ് മടങ്ങിവന്ന അതേ വർഷമായ 1840-ൽത്തന്നെ ആഫ്രിക്കയിലേക്ക് യാത്രയായി.

ആഫ്രിക്കയിൽ മിഷണറിയായിരുന്ന ഡോ. റോബർട്ട് മോഫറ്റിൽ നിന്നാണ് ഡോ. ഡേവിഡ് ലിവിംഗ്സ്റ്റണ് ആഫ്രിക്കയെക്കുറിച്ചുള്ള ഒരു ശരിയായ അറിവ് ലഭിച്ചത്. ആഫ്രിക്കയിൽ ഡോ. മോഫറ്റിന്റെ മിഷൻ കേന്ദ്രത്തിൽ എത്തിച്ചേർന്ന് ഭാഷ പഠിക്കുകയും ആതുര സേവനം ആരംഭിക്കുകയും ചെയ്തു. വിവിധ സ്ഥലങ്ങളിൽ മാറിമാറി താമസിച്ച് അവിടെ ക്ലിനിക്കുകൾ സ്ഥാപിക്കുകയും രോഗികളെ ചികിത്സിക്കുകയും അവരോട് ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് പറയുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുപോന്നു.

കിരാതന്മാരും നരഭോജികളുമായ ബക്വായിൻ വർഗ്ഗക്കാർ താമസിച്ചിരുന്ന താവളത്തിൽ കടന്നു പോയി അവരോട് ഭക്ഷണം വാങ്ങിക്കഴിക്കുകയും അവരോടൊത്ത് താമസിക്കുകയും ചെയ്തു. ഡേവിഡ് ലിംവിംസ്റ്റണിൽ എന്തോ പ്രത്യേകത മനസ്സിലാക്കിയ അവർ അദ്ദേഹത്തെ സ്നേഹിക്കുവാനും ആദരിക്കുവാനും തുടങ്ങി. ബക്വാന ഭാഷ പഠിച്ച് അവരോട് രക്ഷയുടെ സുവിശേഷം പങ്കുവച്ചു. ലിവിംഗ്സ്റ്റൺ ചികിത്സിച്ചതിലൂടെ അവിടത്തെ ഭരണാധികാരുയുടെ മകൾക്ക് സൗഖ്യം ലഭിച്ചതിനാൽ ഭരണാധികാരിയും കുടുംബവും ക്രിസ്തുവിൽ വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്തു.

**ഓരോരുത്തരും ക്രിസ്തുവിനെ വ്യക്തിപരമായി അറിഞ്ഞ് ആ വിശ്വാസത്തിലേക്കുവരണം എന്നതായിരുന്നു ലിവിംഗ്സ്റ്റന്റെ ശൈലി. ആരുടേയും പ്രേരണയോ സമ്മർദ്ദമോ കൂടാതെ സ്വന്തം താല്പര്യം അനുസരിച്ച് ക്രിസ്തുവിൽ വിശ്വസിക്കണം. നരഭോജികളെ നരസ്നേഹികളാക്കുന്നതാണ് ക്രിസ്തുവിന്റെ സുവിശേഷം. അത് വ്യക്തികളുടെ ആന്തരിക പരിവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു.**

അന്ധ വിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കും ചൂഷണത്തിനും മന്ത്രവാദത്തിനുമെതിരെ ബോധവത്ക്കരണം നടത്തിയതിനാൽ ചില ഗോത്ര തലവന്മാരിൽ നിന്നും അദ്ദേഹത്തിന് കടുത്ത ഭീഷണികൾ നേരിടേണ്ടിവന്നുവെങ്കിലും തന്റെ ദൗത്യത്തിൽ നിന്നും ലിവിംഗ്സ്റ്റൺ പിന്തിരിഞ്ഞില്ല. എന്നാൽ അനേകർക്ക് ലിവിംഗ്സ്റ്റന്റെ പ്രവർത്തനം സ്വീകാര്യമായി. ജീവകാരുണ്യപരവും സാമൂഹികവുമായ നന്മപ്രവർത്തികളിലൂടെ ക്രിസ്തുവിന്റെ സ്നേഹം അദ്ദേഹം ആഫ്രിക്കൻ പ്രദേശങ്ങളിൽ പകർന്നു കൊടുത്തു. ക്രിസ്തുവിന്റെ സുവിശേഷം കടന്നു ചെന്നിട്ടുള്ള ഇടങ്ങളിൽ നിന്ന് അന്ധകാരം ഓടിമറഞ്ഞ് അവിടം വികസനത്തിന്റെ പാതയിലേക്ക് പ്രവേശിച്ചിട്ടുണ്ട് എന്നതിന് ലിംവിഗ്സ്റ്റന്റെ ആഫ്രിക്ക തെളിവാണ്. പിൽക്കാലത്ത് ലോക പ്രശസ്തമായിത്തീർന്ന വിക്ടോറിയാ വെള്ളച്ചാട്ടം ഉൾപ്പെടെ മുപ്പതിലേറെ വെള്ളച്ചാട്ടങ്ങൾ അദ്ദേഹം കണ്ടുപിടിച്ചു.

ഗോത്ര തലവന്മാർ ആജ്ഞാപിച്ചാൽ ആ ഗോത്രത്തിൽപ്പെട്ടവരെല്ലാം ലിവിംഗ്സ്റ്റന്റെ മതം സ്വീകരിക്കുമായിരുന്നെങ്കിലും, അപ്രകാരമുള്ള സമീപനത്തോട് ലിവിംഗ്സ്റ്റൺ എതിരായിരുന്നു. ഓരോരുത്തരും ക്രിസ്തുവിനെ വ്യക്തിപരമായി അറിഞ്ഞ് ആ വിശ്വാസത്തിലേക്കുവരണം എന്നതായിരുന്നു ലിവിംഗ്സ്റ്റന്റെ ശൈലി. ആരുടേയും പ്രേരണയോ സമ്മർ ദ്ദമോ കൂടാതെ സ്വന്തം താല്പര്യം അനുസരിച്ച് ക്രിസ്തുവിൽ വിശ്വസിക്കണം. നരഭോജികളെ നരസ്നേഹികളാക്കുന്നതാണ് ക്രിസ്തുവിന്റെ സുവിശേഷം. അത് വ്യക്തികളുടെ ആന്തരിക പരിവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഡോ.മോഫറ്റിന്റെ മൂത്ത മകൾ മേരിയെ 1844-ൽ ലിവിംസ്റ്റൺ തന്റെ ജീവിത സഖിയായി സ്വീകരിച്ചു. ആഫ്രിക്കയുടെ സുവിശേഷീകരണത്തിൽ അവർ ഒന്നായി പ്രവർത്തിച്ചു. വളരെ ശക്തമായ സഭകൾ ആഫ്രിക്കയിലെ ഗോത്ര താവളങ്ങളിൽ രൂപം കൊണ്ടു. ആഫ്രിക്കയിലെ പ്രവർത്തനം ലിവിംഗ്സ്റ്റൺ ദമ്പതികളെ സംബന്ധിച്ചിടത്തോളം അത്ര എളുപ്പവും സുഖകരവുമായിരുന്നില്ല. രോഗവും വധഭീഷണിയും പട്ടിണിയും അവർക്ക് അനുഭവിക്കേണ്ടതായിവന്നു. പലപ്പോഴും അവരുടെ വീട് കൊള്ളയടിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. ബൂവർ വംശക്കാർ അദ്ദേഹത്തിന്റെ വീട്ടു സാധനങ്ങൾ അപഹരിക്കുകയും ഔഷധങ്ങൾ നശിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അമൂല്യ ഗ്രന്ഥങ്ങളും ദീർഘവർഷത്തെ ഗവേഷണങ്ങളുടെ രേഖകളും കൊള്ളയടിക്കപ്പെട്ടു. എന്നാൽ ഈ പ്രതികൂലങ്ങൾളൊന്നും ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും അവരെ പിന്തിരിപ്പിച്ചില്ല. 1862 ഏപ്രിൽ 27-ാം തീയതി മലമ്പനി ബാധിച്ച് തന്റെ പ്രിയതമ ഇഹലോകവാസം വെടിഞ്ഞു. മിഷണറി ദൗത്യത്തിൽ തന്റെ ആശയും ആവേശവുമായിരുന്ന മേരിയുടെ ചേതനയറ്റ ശരീരം അദ്ദേഹം ഒരു വൃക്ഷ ചുവട്ടിൽ സംസ്കരിച്ചു. ചിറകു നഷ്ടപ്പെട്ട ഒരു പക്ഷിയെപ്പോലെ അദ്ദേഹം മാറിയെങ്കിലും തന്റെ മിഷണറി ദൗത്യം തുടർന്നുകൊണ്ടേയിരുന്നു. ഇംഗ്ലണ്ടിലേക്കു മടങ്ങി വിശ്രമജീവിതം നയിക്കുവാൻ പലരും ഉപദേശിച്ചുവെങ്കിലും അദ്ദേഹം വിസമ്മതിച്ചു.

1873 മെയ് മാസം 1-ാം തീയതി ബാങ്ങുവേലാ തടാക തീരത്തുള്ള ഒരു കുടിലിൽ ലിവിംസ്റ്റൺ വിശ്രമിക്കുന്നു. അദ്ദേഹത്തോടൊപ്പമുള്ള സംഘം വെളിയിൽ വിശ്രമിക്കുകയായിരുന്നു. നല്ല തണുപ്പ്, രാത്രി സുഹൃത്ത് ലിവിംഗ്സ്റ്റണെ നോക്കി, അദ്ദേഹം പ്രാർത്ഥിക്കുകയാണ്. ശബ്ദമുണ്ടാക്കാതെ അയാൾ പോയി. 2-ാം തീയതി പ്രഭാതത്തിൽ കുടിലിനു പുറത്തു കിടന്നവർ ലിവിംഗ്സ്റ്റണെ നോക്കി. അദ്ദേഹം പ്രാർത്ഥനയിൽ നിരതനായിരിക്കുകയാണ്. കട്ടിലിനരികിൽ മുട്ടുകുത്തി കിടക്കയിലേക്കു കൈകൾ വച്ച് ശിരസ്സു വണങ്ങി പ്രാർത്ഥിക്കുന്ന ലിവിംഗ്സ്റ്റണെ അവർ തൊട്ടുനോക്കി. അദ്ദേഹം ഐസുപോലെ മരവിച്ചിരിക്കുന്നു. അങ്ങനെ രാത്രിയുടെ യാമങ്ങളിൽ ആഫ്രിക്കയുടെ അന്ധകാരം മാറുന്നതിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ആ മിഷണറി വീരൻ തന്റെ പ്രിയന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു.

ആഫ്രിക്കയ്ക്കായി തുടിച്ച അദ്ദേഹത്തിന്റെ ഹൃദയവും ആന്തരാവയവങ്ങളും അവർ മൃതദേഹത്തിൽ നിന്നും വേർപെടുത്തി എടുത്ത് കുടിലിനരികിൽ ഒരു വൃക്ഷച്ചുവട്ടിൽ സംസ്ക്കരിക്കുകയും അവിടെ മിഷണറിയുടെ പേരും മരിച്ച തീയതിയും കൊത്തിവയ്ക്കുകയും ചെയ്തു. മൃതശരീരം ഉണക്കിയെടുത്ത് സുഗന്ധലേപനം ചെയ്ത് തുണിചുറ്റി മരവുരിയിൽ പൊതിഞ്ഞ് മുളന്തണ്ടുകളിൽ തോളിൽ ചുമന്ന് 1200 മൈൽ നടന്ന് സമുദ്രതീരത്തെത്തിച്ചു. പുത്രൻ തോമസ് അത് ഏറ്റുവാങ്ങി ലണ്ടനിൽ എത്തിച്ചു. വെസ്റ്റ് മിനിസ്റ്റർ ആബി സൂശാനത്തിൽ രാജകീയ ആദരവോടെ ലിവിംഗ്സ്റ്റന്റെ മൃതശരീരം സംസ്കരിച്ചു. “ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകളും എനിക്കുണ്ട്. അവയേയും ഞാൻ നടത്തേണ്ടതാകുന്നു അവ എന്റെ ശബ്ദം കേൾക്കും” എന്ന വചനം സ്മാരക ശിലയിൽ കൊത്തി വച്ചിട്ടുണ്ട്. ആ ധീര മിഷണറിയുടെ ത്യാഗോജ്ജ്വലമായ മിഷണറി ദർശനം അനേകായിരങ്ങളെ ഇന്നും സ്വാധീനിച്ചു കൊണ്ടിരിക്കുന്നു.

### വൈ.എം.സി.എ
### (എ.ഡി. 1844)

ബ്രിട്ടൺ നഗരങ്ങളിലെ ഉദ്യോഗസ്ഥരായ യുവാക്കന്മാരെ ക്രിസ്തുവിന്റെ ദർശനങ്ങളിലേക്ക് നയിക്കുന്നതിന് എന്തു ചെയ്യുവാൻ സാധിക്കും എന്ന ചിന്താവിഷയവുമായി 1844 ജൂൺ 4-ാം തീയതി ലണ്ടനിൽ ജോർജ്ജ് വില്യംസിന്റെ വീട്ടിൽ 12 യുവാക്കൾ ഒരുമിച്ചുകൂടി. ശക്തമായ സുവിശേഷ ദർശനമുള്ള ജോർജ് വില്യംസായിരുന്നു അതിനു നേതൃത്വം നല്കിയത്. 1821-ൽ ഒരു കർഷക കുടുംബത്തിൽ ജനിച്ച ജോർജ്ജ് 13-ാമത്തെ വയസ്സിൽ സ്ക്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ച് ജോലി തേടിപ്പോയി. ഒരു വസ്ത്ര വ്യാപാരിയോടൊപ്പം താമസിച്ച് തൊഴിൽ പരിശീലനം നടത്തി. സിയോൺ കോൺഗ്രിഗേഷൻ ചാപ്പലിലെ വിശ്വാസിയായ വസ്ത്ര വ്യാപാരി തന്റെ ജീവനക്കാരെല്ലാം ചാപ്പലിൽ ആരാധനയിൽ സംബന്ധിക്കണമെന്നത് നിർബന്ധമാക്കിയിരുന്നു. ജോർജിന് ഇതിനോട് യോജിപ്പില്ലായിരുന്നുവെങ്കിലും മനസ്സില്ലാ മനസ്സോടെ ആരാധനയിൽ പങ്കെടുത്തു. എന്നാൽ ഒരു ദിവസം കേട്ട ദൈവവചനം ജോർജിനെ വല്ലാതെ സ്പർശിച്ചു. അദ്ദേഹം ക്രിസ്തുവിനെ രക്ഷനായി അംഗീകരിച്ചു. കടയിൽ തിരിച്ചെത്തിയ അദ്ദേഹം മുട്ടുകുത്തി പ്രാർത്ഥിച്ച് ദൈവ സന്നിധിയിൽ സമർപ്പിച്ചു. ആ സമർപ്പണം അദ്ദേഹത്തെ സുവിശേഷ ദൗത്യത്തിന്റെ പാതയിലേക്കു നയിച്ചു.

(തുടരും)



# ചങ്ങാതിക്കൂട്ടം

ഉണ്ണി അമ്മയമ്പലം

*യേശുവിന്റെ ഏറ്റവും പ്രിയപ്പെട്ട കുഞ്ഞു മക്കളേ..... പരീക്ഷക്കാലമല്ലേ വരുന്നത്. ഈ ലക്കം ദൈവത്തോടൊപ്പം എങ്ങനെ പരീക്ഷ എഴുതാമെന്ന് നമുക്ക് ആലോചിക്കാം.*

## കവിത

പരീക്ഷയെഴുതാം യേശുവിനൊപ്പം
പഠിച്ചു വളരാം യേശുവിനൊപ്പം
കരുത്തരാകാം യേശുവിനൊപ്പം
പരീക്ഷയെഴുതാം വിജയിക്കാം
പഠിച്ചു പ്രാർത്ഥനചൊല്ലി,എഴുതാം
ഭയപ്പെടേണ്ട ഒരുനാളും
പഠിച്ചതെല്ലാം ഓർമ്മയിൽ നിന്നും
പകർന്നു നല്കും നമ്മുടെ ദൈവം
പരീക്ഷ നമ്മുടെയറിവു വളർത്തും
പരീക്ഷയിൽ നാം മികവു പുലർത്തും
പഠിച്ചു വിജയമുറപ്പിക്കാനൊരു-
പവിത്ര നാമം കൂട്ടുവരും
പഠിച്ചു പ്രാർത്ഥന ചൊല്ലി, എഴുതാം
പരീക്ഷ ഇനിമേൽ വിജയവഴി
വിശുദ്ധ ഗ്രന്ഥം കരുത്തു നല്കും
ഭയപ്പെടാനവകാശമില്ല

*പരീക്ഷ എന്നു കേൾക്കുമ്പോൾ ചിലർക്കെങ്കിലും ചെറിയ ഒരു പേടി ഉള്ളിലുണ്ടാവുക സ്വാഭവികമാണ്. ചെറിയ ഒരു പേടി ആവശ്യമുണ്ടോ? ആവശ്യമാണെങ്കിലും അനാവശ്യമാണെങ്കിലും അത്തരം ഭയപ്പാടുകൾ നമ്മെ കീഴടക്കാതെ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്.*

എങ്ങനെ? എങ്ങനെ ഒരു പരീക്ഷ നന്നായി എഴുതി വിജയിക്കാം.

ഈ ലക്കം നമ്മൾ ചിന്തിക്കുന്നത് അതേക്കുറിച്ചാണ്. ലവലേശം ഭയമില്ലാതെ എങ്ങനെ നമുക്ക് നന്നായി പരീക്ഷ എഴുതാം. ആദ്യം ചെയ്യേണ്ടത് നന്നായി പഠിക്കുക എന്നു പറഞ്ഞാൽ ശരിയാകുമോ? ഇല്ല.

### (1) ഒന്നാമതായി നിങ്ങൾ പ്രാർത്ഥിക്കൂ

പരീക്ഷക്കു വേണ്ടി പഠിക്കാനിരിക്കുന്നതിനു മുമ്പ് നമ്മുടെ ജീവിക്കുന്ന ദൈവത്തെ സ്തുതിച്ചു പ്രാർത്ഥിക്കുക. ദൈവത്തോടു സംസാരിക്കുക. എഴുതാൻ പോകുന്ന പരീക്ഷയെക്കുറിച്ചു പറയുക. പ്രയാസമുള്ള വിഷയങ്ങളെ കർത്താവിന് സമർപ്പിച്ച് അവിടുത്തെ ഇടപെടലിനുവേണ്ടി പ്രാർത്ഥിക്കുക. കഠിന വിഷയങ്ങൾക്കു വേണ്ടി കൂടുതൽ സമയം ശ്രദ്ധയോടെ പഠിക്കുന്നതിന് അവിടുത്തെ കൃപയിൽ ആശ്രയിക്കുക. 'എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല' എന്ന വചനം ആവർത്തിച്ചു പറയുക. ഉത്കണ്ഠ, ഭയം എല്ലാം ഏറ്റെടുത്ത് വിജയകരമായ പഠനാനുഭവം, പരീക്ഷാദിവസം നല്കുന്നതിനായി ദൈവകൃപ കൊണ്ടു നിറയുന്നതിന് ഏറ്റവും വലിയ ആഗ്രഹത്തോടെ ആത്മാവിൽ നിറഞ്ഞ് പ്രാർത്ഥിക്കുക.

### (2) നിങ്ങളുടെ ഭാവി യേശുവിന് നല്കാം

നമ്മുടെ ഭാവിയും പരീക്ഷയും തമ്മിൽ ബന്ധമുണ്ടോ? തീർച്ചയായും ഉണ്ട്. പ്രിയപ്പെട്ട ദൈവത്തിന്റെ കുഞ്ഞുമക്കളേ.......നിങ്ങൾ പരീക്ഷ എഴുതുന്നതും പഠിക്കുന്നതും പത്താം ക്ലാസ് പാസ്സാകുന്നതിനോ, പ്ലസ്ടു ജയിക്കുന്നതിനോ, എൻട്രൻസിൽ ഏറ്റവും നല്ല റാങ്ക് കരസ്ഥമാക്കുന്നതിനുവേണ്ടിയോ അല്ല. മറിച്ച് ദൈവത്തിന് നിങ്ങൾക്കുവേണ്ടി അഥവാ ഓരോ കുട്ടിക്കും വേണ്ടി ദൈവമനസ്സിൽ വളരെ ശുഭകരമായ ഒരു പദ്ധതിയുണ്ട്. ദൈവത്തിന്റെ വിജയകരമായ ആ പദ്ധതിയിലേക്ക് എത്തിച്ചേരുന്നതിനുവേണ്ടിയുള്ള വിവിധ വഴികളിൽ ഒന്നു മാത്രമാണ് ഓരോ ഘട്ടത്തിലേയും ഈ അക്കാദമിക് പരീക്ഷകൾ അതുകൊണ്ട് പരീക്ഷ വരുമ്പോൾ ഭയപ്പെടാതെ, ദൈവം നിങ്ങൾക്കു വേണ്ടി തയ്യാറാക്കിയ ആ വലിയ നന്മയിലേക്ക് എത്തിച്ചേരാനുള്ള വഴിയാണ് പരീക്ഷയെന്ന് വിശ്വസിക്കുക. മാത്രവുമല്ല ഈ പരീക്ഷ എഴുതുന്നതും പരീക്ഷക്കുവേണ്ടി പഠിക്കുന്നതും നിങ്ങളല്ല. പിന്നെയോ.......

### (3) യേശുവിന്റെ കരം പിടിച്ച്

യേശുവിന്റെ കരം പിടിച്ച്, യേശുവിന്റെ കണ്ണുകളിൽ നോക്കി പ്രത്യാശയോടെ, പ്രതീക്ഷയോടെ പഠിച്ചു പരീക്ഷയെഴുതി വിജയിക്കണം.

ഈ പഠനത്തിൽ എന്റെ ദൈവം എന്നോടൊപ്പമുണ്ട്. എന്റെ അമ്മയുടെ ഗർഭ പാത്രത്തിൽ ഞാൻ രൂപം കൊണ്ട സമയം മുതൽ എന്നെ പരിപാലിക്കുന്ന എന്റെ ദൈവം എന്റെ കൂടെയുണ്ട്. അതിനാൽ ഒരിക്കലും ഒരിക്കലും ഞാൻ തനിച്ചല്ല. ജീവിക്കുന്ന യേശുവിനൊപ്പം പഠിച്ചു വിജയിക്കുന്ന യേശുവിന്റെ കുഞ്ഞു മകനാണ്/മകളാണ് ഞാനെന്ന് വിശ്വസിച്ചു പ്രാർത്ഥിക്കുക, പഠിക്കുക, പരീക്ഷ എഴുതി വിജയിക്കുക.

നിങ്ങൾ എങ്ങനെയുള്ള വിദ്യാർത്ഥിയാണ്

സർവ ശക്തനായ ജീവിക്കുന്ന ദൈവമായ യേശുവിൽ വിശ്വസിക്കാത്ത കുട്ടികളാണ് നിങ്ങളെങ്കിൽ ഇങ്ങനെ ചിന്തിക്കുന്നു.

(1) പരീക്ഷയിൽ എപ്പോഴും പ്രയാസമുള്ള ചോദ്യങ്ങൾ ചോദിക്കുന്നു.

(2) ഞാൻ ജയിക്കുമോ എന്നെനിക്കറിയില്ല.

(3) പരീക്ഷക്കു ബെല്ലടിക്കുമ്പോൾ എനിക്ക് ടെൻഷൻ ഉണ്ടാകും.

(4) പരീക്ഷയിൽ തോൽക്കുന്ന എന്നെ ആരും സ്നേഹിക്കില്ല, ബഹുമാനിക്കില്ല.

കർത്താവായ യേശുവിൽ വിശ്വസിക്കുന്ന കുട്ടിയാണ് നിങ്ങളിൽ മുകളിൽ പറഞ്ഞ രീതിയിൽ ആയിരിക്കില്ല ചിന്തിക്കുന്നത്.

(1) എപ്പോഴും പ്രയാസമുള്ള ചോദ്യങ്ങൾ പരീക്ഷക്കു ചോദിക്കാറില്ല.

(2) ഈ പരീക്ഷക്കു മുമ്പും സ്കൂളിൽ നടന്നിട്ടുള്ള വിവിധ പരീക്ഷകൾ നാന്നായി എഴുതിയിട്ടുള്ള ഞാൻ ജയിക്കുന്നതിനെക്കുറിച്ച് ഓർത്ത് സങ്കടപ്പെടേണ്ട ആവശ്യമില്ല. ജയിക്കും തീർച്ച.

(3) 'ബെൽ' എന്നു പറയുന്നത്, പരീക്ഷ തുടങ്ങാറായി; തയ്യാറായി നിങ്ങൾ ക്ലാസിലേക്കു കയറുക എന്ന് അറിയിക്കുന്ന ഒരു ലഘു ഭാഷയാണ്. അതിനെ ഭയപ്പെടുകയോ ടെൻഷൻ മനസ്സിൽ കൊണ്ടു വരികയോ ചെയ്യുന്നവർക്ക് സർവശക്തനായ ദൈവത്തെ ജീവിതത്തിൽ കൊണ്ടുവരാൻ സാധിക്കില്ല.

തോൽക്കുന്നവനെ സ്നേഹില്ല എന്നു ചിന്തിക്കുന്നതിലും നല്ലത് ജയിക്കുന്നവനെ സ്നേഹിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതല്ലേ എന്ന് ആലോചിക്കുക. ജയിക്കുന്നവനു ബഹുമാനം കിട്ടുന്നുവെങ്കിൽ അക്കാര്യം നിരന്തരം ആഗ്രഹിക്കുക, ചിന്തിക്കുക, വിജയത്തെപ്പറ്റി മാത്രം ആഗ്രഹിക്കുക. നമുക്ക് വിജയം മതി. അതു നല്കുവാൻ നമ്മുടെ ദൈവം നമ്മോടൊപ്പമുണ്ട്.

ഇപ്പോൾ തോന്നുന്നില്ലേ എത്രയും പെട്ടെന്ന് പരീക്ഷ ഒന്നു വന്നിരുന്നെങ്കിൽ എന്ന്. നമ്മുടെ കരുത്തനായ യേശുകർത്താവിന്റെ അനുഗ്രഹം നിങ്ങളോടൊപ്പമുണ്ട് തീർച്ച.

REG NO. 337/14/15/ AL-86 TC III | MONTHLY MALAYALAM | REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 26th of every month

LICENSE NO. - TECH/53/2009-2011 'LICENSED TO POST WITHOUT PRE PAYMENT'

*1-ാം പേജിന്റെ തുടർച്ച...*

ബിരുദം നേടിയ വ്യക്തിയാണ്. തന്റെ പത്നി പ്രിയാ ബതിയും തന്നോടൊപ്പം മിഷണറി പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു.

സഹോ. നാവോചാ സിംഗിന്റെ നേതൃത്വത്തിൽ സാലുംഗ്ഫാമിലും സമീപ ഗ്രാമങ്ങളിലുമായി 3 കൂട്ടായ്മകൾ നടന്നു വരുന്നു. സാലുംഗ്ഫാം ഗ്രാമത്തിൽ ഒരു വിശ്വാസിയുടെ ഭവനത്തിലാണ് കൂട്ടായ്മകൾ നടത്തുന്നത്. ഹെയ്റോക് ഗ്രാമത്തിലും രണ്ട് കൂട്ടായ്മകൾ നടക്കുന്നുണ്ട്. ഹെയ്റോക് ഗ്രാമം 3 ഗ്രാമ പഞ്ചായത്തുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഹെയ് റോക് മെയിനിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ ഹൈന്ദവ സഹോദരങ്ങളാണ് മുഖ്യമായും പങ്കെടുക്കുന്നത്. അവരിൽ പലരും ജലസ്നാനമേൽക്കുവാനും തയ്യാറെടുത്തുവരുന്നു. യാഥാസ്ഥിതികരായ ഹൈന്ദവരാണ് മണിപ്പൂരികൾ. അവരുടെ ഇടയിൽ അത്ഭുതാവഹമായ പ്രവർത്തനമാണ് സഹോ. സാരംഗ്തെം നാവോചാ സിംഗിലൂടെ കർത്താവ് ചെയ്യുന്നത്.

കാംഗിയാംബാം, ശാന്തിപൂർ എന്നീ സ്ഥലങ്ങളിലും സഹോ. സാരംഗ്തെം നവോചാ സിംഗ് കടന്നു പോയി ഭവന സന്ദർശനം, ലഘുലേഖകളുടെ വിതരണം, വ്യക്തിഗത സുവിശേഷീകരണം എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ദൈവരാജ്യ വിസ്തൃതിയ്ക്കായി അദ്ധ്വാനിക്കുന്നു. ഇവിടങ്ങളിൽ സൺഡേ സ്ക്കൂളുകളുകളിൽ ധാരാളം കുട്ടികൾ കടന്നുവന്ന് ദൈവവചനം പഠിക്കുന്നു.

സഹോ. നാവോചാ സിംഗ് ആത്മാർത്ഥതയോടെ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നു. തന്റെ ശുശ്രൂഷയിലൂടെ ധാരാളം പേർ ക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിയുവാൻ ഇടയാകുന്നതോർത്ത് നമുക്ക് ദൈവത്തെ സ്തുതിയ്ക്കാം. മണിപ്പൂരിലെ ഗ്രാമങ്ങളുടെ സമ്പൂർണ്ണ സുവിശേഷീകരണത്തിനായി സഹോ. നാവോചാ സിംഗിനോട് ചേർന്ന് പ്രവർത്തിക്കുവാൻ ധാരാളം മിഷണറിമാരെ അയയ്ക്കുവാൻ ജി.എം.ഐയ്ക്ക് കരുത്ത് ലഭിക്കേണ്ടതിനായി പ്രാർത്ഥിച്ചാലും.





*മണിപ്പൂരിൽ ഹെയ്റോക്ക് മെയിനിൽ നടത്തപ്പെടുന്ന കൂട്ടായ്മയിലെ വിശ്വാസികളോടും സൺഡേസ്കൂളിലെ അംഗങ്ങളോടുമൊപ്പം ജി.എം.ഐയുടെ റീജിയണൽ കോ- ഓഡിനേറ്റർ സഹോ. സുബ്രതാ ഗാംഗുലി*


# ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ

ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ നേതൃത്വം നൽകി വരുന്ന പ്രവർത്തനങ്ങൾ അനവധിയാണ്. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.

## റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ



## സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ



## ഗ്രെയ്സ് ഫെസ്റ്റുകൾ




## ക്രിസ്തുകൃപ ആശ്രമങ്ങൾ



## ഹാപ്പി ഫാമിലി മിഷൻ



## പബ്ലിക്കേഷൻസ്




## മാസിക പ്രവർത്തനങ്ങൾ




## സൗജന്യ വിദ്യാഭ്യാസ പരിപാടികൾ



## മറ്റു പ്രവർത്തനങ്ങൾ

- ★ TIMES (തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ & ഇവാൻജലിസം സ്റ്റഡീസ്)
- ★ SMRITI (സ്കൂൾ ഒഫ് മേജർ റിലിജിയൻസ് & ഇന്ത്യൻ ക്രിസ്റ്റ്യൻ തിയോളജി)
- ★ ഏലീം മെഡിക്കൽ എയ്ഡ്
- ★ കാൽവറി ബ്ലഡ് ഡോണേഴ്സ് ഫോറം
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രെയർ സെല്ലുകൾ
- ★ ലിഡിയ ടെയിലറിങ്ങ് സ്കൂൾ
- ★ ഗ്രേഷ്യ കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെന്റർ
- ★ ഗുരുകുലം വിദ്യാപീഠം
- ★ രഹബോത്ത് ഡ്രിങ്കിങ്ങ് വാട്ടർ പദ്ധതി
- ★ ഹന്ന പ്രെയർ
- ★ സത് - സംഗ്

**Grace Ministries of India**, Nanthancode, Trivandrum- 695 003
☎ 0471 - 2311439 E-mail : graceministriesofindia@yahoo.com
Web Site : www.graceindia.in
A/C No. 009901000020000 (I.O.B, Main Branch, Statue, Trivandrum)